# കൈരളി

| പുസ്തകം ൧൧. | ൧൧൧൧ എടവം | ലക്കം ൧. |
| --- | --- | --- |

## മനുഷ്യവംശത്തിന്റെ പ്രാചീനത്വം.

—മുല്ലോത്ത് വി. നാരായണ മേനോൻ.

ഭൂലോകം ഉദ്ദേശം ഒരു ആറായിരം വൎഷങ്ങൾക്കു മുമ്പു മാത്രമാണ് ഉണ്ടായതെന്ന് അടുത്ത കാലംവരെ മനുഷ്യരുടെയിടയിൽ ഉണ്ടായിരുന്ന ബോധം അധുനാതനങ്ങളായ പല പര്യവേക്ഷണങ്ങളുടേയും ഫലമായി ശിഥിലീഭവിച്ചിട്ടുണ്ടെങ്കിലും എത്രയെത്ര സഹസ്രാബ്ദങ്ങൾ കാലചക്രത്തിൽക്കൂടി തിരിഞ്ഞുപോയിട്ടുണ്ടെന്നുള്ള വസ്തുത തിട്ടമായി കണക്കാക്കി പറയുവാൻ യാതൊരുത്തനും സാധിച്ചിട്ടില്ലെന്നു വരുമ്പോൾ കാലത്തിന്റെ മഹിമയോൎത്തു 'തുഭ്യം നമഃ' എന്നു പറഞ്ഞ് അവസാനിപ്പിക്കുന്നതായിരിക്കും മംഗളമായി ഭവിക്കുക. പല പല വംശങ്ങളും പരിഷ്കാരങ്ങളും ഉച്ചനീചത്വത്തെ പ്രാപിച്ചും കുറച്ചുകാലം കഴിഞ്ഞ കാലയവനികയിൽ മാഞ്ഞുപോയ എത്രയെത്ര കഥകളായിരിക്കും കാലമാകുന്ന ഗ്രന്ഥത്തെ വിടുൎത്തിനോക്കുമ്പോൾ നമ്മുടെ അക്ഷിക്കു് ലക്ഷീഭവിക്കുന്നതു്! അന്നത്തെ എത്രയെത്ര സാമ്രാജ്യങ്ങളാണ് ഒരു കാലത്തു തങ്ങളുടെ അസ്തിത്വമുണ്ടായിരുന്നു എന്നു വെളിപ്പെടുത്തുവാൻ ഒരു കല്ലുപോലും ബാക്കിവെക്കാതെ സൃഷ്ടിക്കപ്പെട്ട മണ്ണോടുകൂടി ചേൎന്നുപോയിട്ടുള്ളതു് എന്ന് ഊഹിക്കുവാൻകൂടി നമുക്കു സുകരമല്ലാതെയാണിരിക്കുന്നതു്. അനന്തരകാലത്തു് ആ മണ്ണിൽതന്നെ വളൎന്നുവന്നതും എന്നാൽ നമ്മെ അപേക്ഷിച്ചു് അത്യധികം പ്രാചീനങ്ങളുമായ ഒട്ടുവളരെ സാമ്രാജ്യങ്ങൾ അതേവിധത്തിലുള്ള പരിണാമദശയെ പ്രാപിച്ചിട്ടുള്ളതിനാൽ ഭൂപ്രഥമമായി ഉണ്ടായിട്ടുള്ള വസ്തുവിന്റെ വാസ്തവനിലയേയും കാലത്തേയും

ശരിയായി കുറിക്കുവാൻ വിദഗ്ദ്ധന്മാരായ പര്യവേക്ഷകന്മാക്കുകൂടി ഇന്നു സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്.

പ്രാചീനങ്ങളായ മനുഷ്യപരിഷ്ക്കാരത്തിൻെറ തെളിവുകഠം ഇദംപ്രഥമമായി പര്യവേക്ഷകന്മാക്കു ലഭിച്ചതു് ഈജിപ്തിൽനിന്നാണത്രെ! അനവരതമുണ്ടായ അനവധി കണ്ടുപിടുത്തങ്ങളുടെ അനന്തരഫലമായി രാജാക്കന്മാർ, പുരോഹിതന്മാർ മുതലായവരുടെ ശവകുടീരങ്ങഠം മുതലായവയുടെ അവശിഷ്ടങ്ങഠം ഭൂഗഭ്ത്തിൽനിന്നു കണ്ടുകിട്ടുകയും ആ തെളിവുകഠം പരിശോധിച്ചതിൽ ക്രിസ്തുവിനു 4,0 കൊല്ലങ്ങഠംക്കപ്പുറമാണു് ഈജിപ്തു് രാജ്യവംശം വത്തിച്ചതു് എന്നു തീരുമാനിക്കുകയും ചെയ്തു.

എന്നാൽ അതുകൊണ്ടൊന്നും കാര്യം അവസാനിച്ചില്ല. അനന്തരകാലത്തുണ്ടായ മററു ചില കണ്ടുപിടുത്തം ഹേതുവായി സുരക്ഷിതമാംവണ്ണം സൂക്ഷിക്കപ്പെട്ടിട്ടുള്ളതും എന്നാൽ ക്രിസ്തുവിനു 6,000 കൊല്ലങ്ങഠംക്കു മുമ്പുള്ളതാണെന്നു തെളിഞ്ഞതുമായ ഒരു 'മമ്മി'യെ ആ പര്യവേക്ഷകന്മാക്കു ലഭിക്കുവാൻ ഇടയായി. ഇതുയുമായപ്പോഠം പര്യവേക്ഷകന്മാരുടെ ഉത്സാഹം ഗുണീഭവിച്ചു. അതിൻെറ ഫലമായി അതിലും പഴയതും വ്യത്യസ്തവുമായ പരിഷ്ക്കാരത്തിൻെറ ചില അവശിഷ്ടങ്ങഠം കണ്ടുകിട്ടി. ഉദ്ദേശം ക്രിസ്തുവിനു 10,000 കൊല്ലങ്ങഠംക്കപ്പുറമുള്ളവയാണിവയെന്നു തെളിയുകയും ചെയ്തു. അതിൽനിന്നു നീഗ്രോ വഗ്ഗത്തിൽനിന്നും തീരെ വ്യത്യസ്തമായ ആകൃതിയോടുകൂടിയ ഒരു സ്ത്രീയുടെ ഒരു ചെറുപ്രതിമ കിട്ടിയിട്ടുള്ളതാണത്രെ കൂടുതൽ അത്ഭുതാവഹമായിട്ടുള്ളതു്.

ഒരുകാലത്തു സിന്ധുനദീതടത്തിൽ പരിലസിച്ചിരുന്ന പരിഷ്ക്കാരവും ഇതുപോലെതന്നെ അത്ഭുതത്തെ ഉളവാക്കുന്ന ഒന്നുതന്നെയാണു്. ഏററവും അടുത്ത കാലത്തു നടന്ന പല പല പരിക്ഷണങ്ങഠം ഹേതുവായി ഭൂഗഭ്ത്തിൽനിന്നു കിട്ടിയിട്ടുള്ള ചില സാധനങ്ങളിൽനിന്നു ധാരാളം തെളിഞ്ഞിട്ടുണ്ടു്, ആ കാലത്തെ പട്ടണങ്ങളും മററും വളരെ പരിഷ്കൃതങ്ങളായിരുന്നു എന്നും അവയിലെ തെരുവുകഠം ഇരുപുറവും ഉയന്ന മേടകളാലും ദേവാലയങ്ങളാലും മററും ശോഭായമാനമായി വത്തിച്ചിരുന്നു എന്നും. "ചന്ദ്രമണ്ഡലത്തോടുരുമ്മിടുന്ന രത്നമേടകളും വിസ്താരത്തിൽ ചമച്ച പത്തുന്തറായിരം പത്തനങ്ങളും" പണ്ടു് അയോദ്ധ്യയിലുണ്ടായിരുന്നതായി പാടിയിട്ടുള്ളതു് അതിശയോക്തിയാവാൻ തരമില്ലെന്നാണു് ഊഹിക്കേണ്ടതും. പിൻകാലങ്ങളിൽ (ഉദ്ദേശം അയ്യായിരം കൊല്ലങ്ങഠംപ്പുറം) ഭൂമിയുടെ ഉപരിതലത്തിൽ ഉണ്ടായ ചില വലിയ മാ

റ്റങ്ങൾ ഹേതുവാലാണ് ഇവയെല്ലാം മണ്ണിന്നടിയിൽപെടുവാൻ ഇടയായതെന്നുമാണ് അക്കൂട്ടരുടെ അഭിപ്രായം. പ്രഫസർ മൈൽസ് എന്ന വിദ്വാൻ പറയുന്നു, ആ പ്രാചീനകാലത്തുപോലും അട്ടിക്കയിലെ പരിഷ്കാരം പെരിക്ലീസ്സിന്റെ കാലത്ത് ആതൻസ്സ് നഗരത്തിൽ പരിലസിച്ചിരുന്ന പരിഷ്കാരത്തോടു കിടപിടിക്കത്തക്കതോ അതിൽ കൂടുതലായോ മാത്രമായിരുന്നു എന്ന്. അക്കാലത്തുതന്നെ ഇത്രമേൽ പരിഷ്കൃതരായിരുന്ന ജനങ്ങളുടെ പരിണാമദശയുടെ പ്രഥമഘട്ടം ആരായുവാൻ തുനിയുന്നതായാൽ എവിടെച്ചെന്നുമുട്ടും എന്നു തീരുമാനിപ്പാൻ ഇതുവരെ ആരെക്കൊണ്ടും സാധിച്ചിട്ടില്ല. അടുത്ത കാലത്തു ചില ഋഗ്വേദസൂക്തങ്ങളേയും മററും പരാമർശിച്ച് ഉണ്ടായിട്ടുള്ള ചില പരീക്ഷണങ്ങൾ ഹേതുവായി— Pleistocene കാലസന്ധിയിലാണ് ആ സൂക്തങ്ങൾ നിർമ്മിതങ്ങളായിട്ടുള്ളതെന്നും ആ കാലം ക്രി. മു 5 ,000 മുതൽ 25,000 വരെയുള്ള വർഷങ്ങളാണെന്നും ചില വിദ്വാന്മാരായ ഭൂഗർഭശാസ്ത്രജ്ഞന്മാർ ബലമായി അഭിപ്രായപ്പെട്ടിട്ടുണ്ട്.

മെസപ്പെട്ടോമിയായുടെ തെക്കുഭാഗത്തു വർത്തിച്ചിരുന്ന 'സുമേറിയൻ' പരിഷ്കാരത്തിന്റെ അവശേഷിച്ച ചിഹ്നങ്ങൾ അതിന്റെ മാഹാത്മ്യത്തേയും പഴക്കത്തേയും വിളിച്ചുപറയുന്നുണ്ട്. സുവിശേഷപുരാണപാത്രങ്ങളിൽ ഒരാളായ അബ്രാഹമിന്റെ ജന്മഭൂമിയായ ഉർ (Ur) എന്ന സ്ഥലത്തുനിന്നു കുഴിച്ചെടുക്കപ്പെട്ടതായ പല വിശേഷസാധനങ്ങളും വളരെ ഭംഗിയായ വിധത്തിൽ പണിചെയ്യപ്പെട്ടിട്ടുള്ളവയാണ്. ഇവ ഭൂമിക്കടിയിൽ പെട്ടകാലം 5000 കൊല്ലങ്ങൾക്കപ്പുറമാണെന്നാണു കണക്കാക്കപ്പെട്ടിട്ടുള്ളതും. ബൈബിളിൽ പറഞ്ഞിട്ടുള്ള വിധത്തിൽ കുററിക്കാട്ടിൽപെട്ട ഒരു ആടിന്റെ രൂപം അവിടെനിന്നു കിട്ടിയിട്ടുള്ളത് കൊത്തുപണി മുതലായ കലകളിൽ അന്ന് അവർക്കുണ്ടായിരുന്ന പ്രാവീണ്യത്തെ ധാരാളം തെളിയിക്കുന്നുണ്ട്. അത്ര തന്മയത്വത്തോടുകൂടിയാണവ പണിയപ്പെട്ടിട്ടുള്ളത്. അനവധികാലത്തെ പരിഷ്കാരജീവിതത്തിന്റേയും പഠനത്തിന്റേയും ഫലമായേ ഇപ്രകാരമൊരവസ്ഥയിൽ മാനവസമുദായത്തിന് എത്തിച്ചേരുവാൻ സാദ്ധ്യമാകയുള്ളു എന്നു സുവിദിതമായിരിക്കയിൽ ഇവരുടെ പരിഷ്കാരത്തിന്റെ തുടക്കം എത്രകാലം മുമ്പായിരുന്നു എന്നു തിട്ടമായി പറയുവാൻ സുസാദ്ധ്യമല്ലെന്നത്രെ ഈ പുരാണവസ്തുപര്യവേക്ഷകന്മാരുടെ തലവനായ Dr. Leonard Wolley പറയുന്നത്.

മദ്ധ്യേഷ്യയിലേക്ക് ഇത്തരത്തിലുള്ള പര്യവേക്ഷണങ്ങൾക്കായി അമേരിക്കയിൽനിന്നു വന്ന ഒരു സംഘത്തിന്റെ തലവനായ Dr. Roy Chapman Andrews 1928-ൽ മങ്കോളിയായിൽ വളരെ പുരാതന കാലത്തു പരിഷ്കൃതരായ ഒരുകൂട്ടം ജനങ്ങൾ നിവസിച്ചിരുന്നതായി കണ്ടുപിടിച്ചു. അദ്ദേഹം ആ വർഗ്ഗക്കാർക്ക് Dune നിവാസികൾ എന്നു പേർ കല്പിക്കയും അവരുടെകാലം ചുരുങ്ങിയതു ഒരു 20,000 കൊല്ലങ്ങൾ കപ്പുറമാണെന്നു ഗണിക്കുകയുംചെയ്തു. ചീനരാജ്യംമുതൽ സൈബീരിയ വരെ അവരുടെ പരിഷ്കാരത്തിന്റെ അവശിഷ്ടങ്ങൾ കാണപ്പെടുകയും ചെയ്തിട്ടുണ്ട്.

അടുത്തകാലത്തുണ്ടായ മറെറാരു കണ്ടുപിടുത്തം മേൽപറഞ്ഞവയെയൊക്കെ തീരെ നിസ്സാരമാക്കുന്നുണ്ട്. 'ജൊനാൻസ്സ്ബർഗ്ഗ്' എന്ന സ്ഥലത്തുനിന്നു ഒരുന്നൂറു മൈൽ പടിഞ്ഞാറു കിടക്കുന്ന Koster എന്ന ദിക്കിൽനിന്നു 'ഗുഹാവാസികൾ' എന്നറിയപ്പെടുന്ന ഒരു വർഗ്ഗക്കാരുടെ ചില അവശിഷ്ടങ്ങൾ കണ്ടുകിട്ടി. അവ കണ്ടുപിടിച്ച Mr. Harold Scott Harger എന്ന വിദ്വാൻ ബലമായി വിശ്വസിക്കുന്നു, അവർ വെളുത്ത നിറവും അസാമാന്യമായ ബുദ്ധിശക്തിയും ഉണ്ടായിരുന്ന ഒരു വർഗ്ഗക്കാരായിരുന്നു എന്നു്. മാത്രമല്ല, ചുരുങ്ങിയതു രണ്ടുലക്ഷത്തിഅയ്മ്പതിനായിരം അബ്ദങ്ങൾക്കു് അപ്പുറമാവാനേ തരമുള്ളു അവരുടെ കാലമെന്നും അദ്ദേഹം പറയുന്നു.

ഇപ്രകാരമുള്ള പുതിയപുതിയ കണ്ടുപിടുത്തങ്ങൾ നമ്മെ പുരാണങ്ങളോടു കൂടുതൽ അടുപ്പിക്കയാണ് ചെയ്യുന്നതു്. അവയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ളതായ കല്പങ്ങളും മന്വന്തരങ്ങളുമെല്ലാം പൂർവ്വരാം ഋഷീന്ദ്രന്മാരുടെ വെറും ഭാവനാങ്കരിതങ്ങളായ കെട്ടുകഥകളല്ലെന്നും പ്രത്യക്ഷമാകുന്നുണ്ടു്. ഇന്നത്തെ ചരിത്രപരിധിയിൽ പെടാത്ത എത്രയെത്ര പരിഷ്കൃതസമുദായങ്ങളാണ് നമ്മുടെ ഭൂമിയിൽ പല കാലങ്ങളിലായി ഉണ്ടായിട്ടുള്ളതു്!

# പുതിയ ശാകുന്തളങ്ങൾ.

## ആററൂർ വള്ളത്തോൾ ശാകുന്തളങ്ങളെപ്പററി ഒരു വിചിന്തനം.

—കെ. വി. എം.

൨

ഇനി നമുക്കു് ഈ തർജ്ജിമകൾ മൂലത്തോടു് എത്രത്തോളം ഒത്തിരിക്കുന്നുണ്ടെന്നു പരിശോധിക്കാം.

൧. നാന്ദി.

ഏതോ സൃഷ്ടിച്ചതാദ്യം വിധി വിധിഹുതമാം
ഹവ്യമേതേല്പൂ ഹോതാ-
വേതേതോ നില്പൂ കേൾക്കും ഗുണമൊടെവിടെയും
കാലകൃത്തേതു രണ്ടോ
ഏതോ ബീജത്തിനെല്ലാം പ്രകൃതിയഥ ജഗൽ-
പ്രാണനായേതതെല്ലാ-
മാകും പ്രത്യക്ഷമാമെട്ടുടലിനുടയവൻ
നമ്മെ രക്ഷിക്കനാഥൻ

(ആററൂർ)

ഏതാദ്യം ബ്രഹ്മസൃഷ്ടം, വിധിഹുതഹവിരാ-
ദായിയേതേ, തു ഹോതാ-
വേ,തെങ്ങും ചേർന്നുനില്പൂ ശ്രുതിചരഗുണമായ്,-
കാലകൃദ്ദ്വന്ദ്വമേതോ,
ഭൂതങ്ങൾക്കൊക്കെയേതൊന്നൊരുമുരട്ടു, ലകിൻ
പ്രാണനായിട്ടിരിപ്പൊ-
ന്നേതാ—പ്രത്യക്ഷമൂർത്ത്യഷ്ടകമുടയ പുരാൻ
നിങ്ങളെക്കാത്തിടട്ടേ.

(വള്ളത്തോൾ)

"യാസൃഷ്ടിഃ സ്രഷ്ടുരാദ്യാ" എന്നാരംഭിക്കുന്ന മൂലശ്ലോകത്തിൽ കാളിദാസർ അഷ്ടമൂർത്തിയുടെ മൂർത്തികളെ നിബന്ധിച്ചിട്ടുള്ളതു സമഞ്ജസമായ ഒരാനുപൂർവ്വിയോടുകൂടിയാണു്. ജലം, അഗ്നി, യജമാനൻ, സൂര്യചന്ദ്രന്മാർ, ആകാശം, പൃഥിവി, വായു എന്നാണു മൂലത്തിലെ

ക്രമം. ആദ്യസൃഷ്ടി ജലം, ജലത്തിന്നു ശേഷം ജലത്തിൽനിന്നുണ്ടായ അഗ്നി, അഗ്നിക്കു ശേഷം അഗ്നിയിൽ ഹോമിക്കുന്ന യജമാനൻ, യജമാനനു ശേഷം യജനകാലവിധായകന്മാരായ സൂൎയ്യചന്ദ്രന്മാർ, പിന്നെ യജനത്തിൽ ശബ്ദമയമായ മന്ത്രത്തിന്നാധാരമായ ആകാശം, അതിനെത്തുടൎന്നു യജനാധികരണമായ ഭൂമി, പിന്നെ സൎവ്വപ്രാണികൾക്കും പ്രാണനായ വായു എന്നിങ്ങനെ സ്വാരസികമായ പൌൎവ്വാപൎയ്യക്രമം മൂലത്തിലുണ്ടു്; തൎജ്ജമകൾ രണ്ടിലുമാകട്ടെ ജലം, അഗ്നി, യജമാനൻ, ആകാശം, സൂൎയ്യചന്ദ്രന്മാർ, ഭൂമി, വായു എന്നിങ്ങനെയാണു ക്രമം വരുന്നതു്. മൂലകാരനു മേൽപ്പറഞ്ഞ ക്രമത്തിൽ താല്പൎയ്യമില്ലായിരുന്നുവെങ്കിൽ അഷ്ടമൂൎത്തിയുടെ എട്ടു മൂൎത്തികളെ താന്ത്രികസമയസിദ്ധമായ

| | |
|---|---|
| ക്ഷിതിമൂൎത്തി | = ശൎവ്വൻ |
| ജലമൂൎത്തി | = ഭവൻ |
| അഗ്നിമൂൎത്തി | = രുദ്രൻ |
| വായുമൂൎത്തി | = ഉഗ്രൻ |
| ആകാശമൂൎത്തി | = ഭീമൻ |
| യജമാനമൂൎത്തി | = പശുപതി |
| സോമമൂൎത്തി | = മഹാദേവൻ |
| സൂൎയ്യമൂൎത്തി | = ഈശാനൻ |

എന്ന ക്ഷിത്യാദിക്രമം വിട്ടു ജലാദിക്രമത്തിൽ നിബന്ധിക്കയില്ലായിരുന്നു. മൂലകാരൻ ജലാദിക്രമത്തിൽ നിബന്ധിച്ചതു നാടകത്തിലെ കഥാവസ്തുവിനെ യഥാക്രമം സൂചിപ്പിക്കുന്നതിനു വേണ്ടിയാണു്. എങ്ങനെയെന്നാൽ—

| | | |
|---|---|---|
| 1. | സ്രഷ്ടാവിന്റെ ആദ്യസൃഷ്ടി | "സ്ത്രീരത്നസൃഷ്ടിരപരാ" എന്നു പറയപ്പെട്ട ശകുന്തള. |
| 2. | വിധിഹുതമായ ഹവിസ്സിന്റെ വഹനം | ശകുന്തളാഗൎഭധാരണം. |
| 3. | ഹോതാവ് — | കണ്വൻ. |
| 4. | കാലത്തെ വിധാനം ചെയ്യുന്ന രണ്ടുപേർ | ശാപാന്തകാലത്തെ കുറിക്കുന്ന അനസൂയാപ്രിയംവദമാർ. |
| 5. | ശ്രുതിവിഷയഗുണമായി വിശ്വം വ്യാപിച്ചു നില്ക്കുന്നതു്. | ശകുന്തളയുടെ ദുഷ്യന്തപുരഗമനം. |

6. സവ്വബീജപ്രകൃതി—ചക്രവത്തിയായ ഭരതൻെറ ഉൽപത്തി.

7. പ്രാണികറം പ്രാണവാന്മാരാകുന്നതിനു ഹേതു. | ഭരതശകുന്തളമാരുടെ ലാഭം.

8. ഈ എട്ടു മൂത്തികളുടയ ഈശൻ. | ഇതിന്നെല്ലാം നായകനായ ദുഷ്യന്തൻ.

തജ്ജമകറം രണ്ടിലും മൂലത്തിലെ ക്രമം തെററിയതിനാൽ മേൽ ക്കാണിച്ച കഥാസൂചനക്രമത്തിനു ഭംഗംവന്നിരിക്കുന്നു. ആററൂരിൻെറ പക്ഷത്തിൽ ഇതു നാന്ദിയല്ലായ്കയാൽ കഥാസൂചനത്തിൽവന്ന ക്രമഭംഗംകൊണ്ടു് അദ്ദേഹത്തിന്നു് ഒരു ദോഷവും വരാനില്ല. വള്ളത്തോളിന്നു് അങ്ങിനെയല്ലല്ലോ. പക്ഷേ വള്ളത്തോറംശാകുന്തളത്തിൽ വ്യാഖ്യാതാവായ കുട്ടികൃഷ്ണമാരാർ കഥാസൂചനത്തെ വിവരിച്ചതു കണ്ടാൽ അതു കഥയുടെ സൂചനമല്ല 'കഥയില്ലായ്മ'യുടെ സൂചനമാണെന്നു തോന്നും. ശ്ലോകത്തിലെ എട്ടു വാക്യങ്ങളിൽ ആദ്യത്തെ രണ്ടുകൊണ്ടു സുന്ദരിയും ഗഭിണിയുമായ ശകുന്തള, മൂന്നാമത്തേതുകൊണ്ടു ശകുന്തളയിൽ ഗഭാധാനംചെയ്ത ദുഷ്യന്തൻ, നാലാമത്തേതു (തജ്ജമയിൽ അഞ്ചാമത്തേതു) കൊണ്ടു നായികാനായകന്മാരുടെ സംഗമങ്ങറംക്കു സൌകയ്യമുണ്ടാക്കിയ സഖിമാർ, അഞ്ചാമത്തേതു (തജ്ജമയിൽ നാലാമത്തേതു കൊണ്ടു കണ്വൻ, ആറാമത്തേതുകൊണ്ടു കാശ്യപപ്രജാപതി, ഏഴാമത്തേതുകൊണ്ടു ശകുന്തളാപുത്രൻ, എട്ടാമത്തേതുകൊണ്ടു ശാകുന്തളനാടകം—ഇങ്ങിനെയാണു മാരാരുടെ കഥാസൂചനം. ഇതിൽ ശകുന്തളയുടെ സൂചനത്തിന്നു രണ്ടു വാക്യങ്ങറം വേണ്ടിവന്നതിന്നു "വഹതി വിധി,ഹുതം യാ ഹവിഃ" എന്ന ക്രിയാപ്രധാനമായ വാക്യത്തെ "വിധിഹുത ഹവിരാദായിയേതു്" എന്നിങ്ങിനെ കത്തൃപ്രധാനമായി തജ്ജമ ചെയ്ത വള്ളത്തോറംതന്നെയായിരിക്കാം കാരണം. ഏതായാലും നമ്മുടെ മാരാർ കഥാസൂചനത്തിനു പുറപ്പെട്ടിട്ടു ശാകുന്തളത്തിലെ കഥയെ മാത്രമല്ല ശാകുന്തളനാടകത്തെത്തന്നെ സൂചിപ്പിച്ചു! (എട്ടാം വാക്യം നോക്കുക) പഞ്ചഗവ്യത്തിന്നു പകരം 'ഷഠംഗവ്യം' കൊണ്ടുവന്നതുപോലെയായി എന്നേ പറയേണ്ടതുള്ളു. ആററൂരിൻെറ ടിപ്പണകാരൻ തിരുമേനിയും കുറച്ചൊരു 'മേനി' പറഞ്ഞിട്ടുണ്ടു്. മൂലത്തിൽ "അവതു വഃ" എന്നതിലെ അവനക്രിയാകമ്മമായ യുഷ്മച്ഛബ്ദത്തെ ആററൂർ "നമ്മെ" എന്നാക്കി. "ഞങ്ങളേയും സാമാജികന്മാരായ നിങ്ങളേയും" എന്നത്ഥം വരാനാണത്രെ നിങ്ങളെ (യുഷ്മച്ഛബ്ദത്തെ) നമ്മെ (അസ്മച്ഛബ്ദം) യാക്കം

യത്രേ. യുഷ്മദ്, അസ്മദ് ഇവ ചേൎന്ന് ഏകശേഷസമാസം വഴിക്ക 'വഃ' എന്ന മൂലത്തിന്നും ഇതാണൎത്ഥമെന്നും പറയുന്നു. എന്നാൽ മൂലത്തിലെപ്പോലെ 'നിങ്ങളെ' എന്നു പറഞ്ഞാൽത്തന്നെ എന്താണു പോരായ്മ? എന്തിനാണ് ഈ ശിരോവേഷ്ടനപ്രാണായാമം? ആറന്മുറും വള്ളത്തോളും അഷ്ടമൂൎത്തിയുടെ മൂൎത്തികൾക്കുള്ള ക്രമം മാററി. ആറന്മുർ അവനക്രിയയുടെ കൎമ്മവും മാററി. കുട്ടികൃഷ്ണമാരാർ കഥാസൂചനം മാററി. തിരുമേനി, ഭാഷ്യകാരന്റെ സേവപിടിച്ചു, പൂൎവ്വശേഷമനുസരിച്ച്, ഏകശേഷസമാസത്തിന്റെ സാമാന്യരീതിയും മാററി. ആകപ്പാടെ, പ്രാണാഹുതിയിൽത്തന്നെ രോമം കിട്ടിയതുപോലെ, ആദിമപദ്യത്തിൽത്തന്നെ കുറച്ചൊരു മാററിത്തം പററിയിരിക്കുന്നു. നാന്ദിയുടെ ചടങ്ങു പിഴച്ചു പോയോ എന്തോ!

൨. മുഖസന്ധി.

ഈ ശാകുന്തളങ്ങളിലെ ഓരോ അങ്കത്തിൽനിന്നും പ്രധാനമായ ശ്ലോകങ്ങളും ചൂൎണ്ണികകളും ഉദ്ധരിച്ച് അവ മൂലത്തോടൊത്തിരിക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ വിസ്തരഭയം എന്നെ അനുവദിക്കുന്നില്ല. ഇങ്ങനെയുള്ള ഒരു നിരൂപണത്തിൽ അത്രത്തോളം വിസ്തരിക്കുന്നതു് ആവശ്യമാണെന്നു തോന്നുന്നതുമില്ല. ശ്രീമാൻ കൃഷ്ണപ്പിഷാരടിയുടെയോ ശ്രീമാൻ വള്ളത്തോളിന്റെയോ തൎജ്ജിമയിൽ കുറെ ശ്ലോകങ്ങളും ചൂൎണ്ണികകളും മൂലത്തോടു യോജിച്ചവയും അതിമനോഹരങ്ങളുമായി ഉണ്ടെന്നുതന്നെ വിചാരിക്കുക. അതുമാത്രംകൊണ്ട് ആ ഗ്രന്ഥം അത്യുത്തമമായിട്ടുണ്ടെന്നു പറയുവാൻ വയ്യ. നേരേമറിച്ച്, ഏതെങ്കിലും ഒരു തൎജ്ജിമയിൽ ഏതാനും ചില ശ്ലോകങ്ങളും ചൂൎണ്ണികകളും മൂലത്തോടു യോജിക്കാത്തവയും ഭംഗി കുറഞ്ഞവയുമാണെന്നിരിക്കട്ടെ. അതുകൊണ്ടുമാത്രം ആ ഗ്രന്ഥം അത്യന്തനികൃഷ്ടമാണെന്നും അഭിപ്രായപ്പെട്ടുകൂട. കേവലം മുക്തകങ്ങളുടെ നിലയിലുള്ള കുറെ ശ്ലോകങ്ങൾക്കോ ചൂൎണ്ണികകൾക്കോ വേണ്ടിയല്ലാ നാം ശാകുന്തളം വായിക്കുന്നതു്. ഒന്നാംകിടയിലുള്ള കുറെ ഗദ്യപദ്യങ്ങൾ അടങ്ങിയിരിക്കുന്നതുകൊണ്ടല്ലാ ശാകുന്തളത്തിന്നു് ഇത്ര മഹത്വം ഉണ്ടായതും. കഥാവസ്തുവിലെ വിഷയങ്ങളെ വിശകലനംചെയ്തു മുഖപ്രതിമുഖാദി സന്ധികളായി ഭാഗിച്ച് ആ ഓരോ സന്ധിയിലും സ്വാരസ്യകമായ കല്പനാചാതുൎയ്യം പ്രകടിക്കുന്നതിലാണ് നാടകത്തിന്റെ ജീവൻ സ്ഥിതിചെയ്യുന്നതു്. ഭൌതികശരീരത്തിലെന്നപോലെ കഥാശരീരത്തിലും സന്ധികൾ മൎമ്മസ്ഥാനങ്ങളാകുന്നു. ഒരു

നാടകത്തിലെ കഥയെ ബീജം, ബിന്ദു, പതാക, പ്രകരി, കാൎയ്യം എന്നീ അൎത്ഥപ്രകൃതികളും ആരംഭം, യത്നം, പ്രാപ്ത്യാശ, നിയതാപ്തി, ഫലാഗമം എന്നീ കാൎയ്യാവസ്ഥകളും കൂട്ടിച്ചേൎത്തു നോക്കിയാൽ അതിൽ മുഖസന്ധി, പ്രതിമുഖസന്ധി, ഗൎഭസന്ധി, വിമൎശസന്ധി, നിൎവ്വഹണസന്ധി എന്നിങ്ങനെ ക്രമത്തിൽ അഞ്ചു സന്ധികൾ ഘടിതങ്ങളായിട്ടുണ്ടെന്നു കാണാം. ശാകുന്തളത്തിൽ ദുഷ്യന്തമഹാരാജാവു ശകുന്തളയുടേയും പുത്രന്റേയും ലാഭത്താൽ നിൎവ്വൃതനായി ഭവിക്കുന്നതാണു കാൎയ്യം അല്ലെങ്കിൽ സാദ്ധ്യം. ഈ കാൎയ്യത്തിന്നു് ഹേതുക്കൾ പലതുമുണ്ടെങ്കിലും ആദിമവും ബീജഭൂതവുമായ ഹേതു ഒന്നാമങ്കത്തിലുള്ള വൈഖാനസാനുഗ്രഹമാകുന്നു. രാജാവിന്റെ നായാട്ടു് വൈഖാനസാനുഗ്രഹത്തിന്നും കണ്വാശ്രമത്തിൽവെച്ചു ശകുന്തളാപ്രാപ്തിക്കും ഘടകങ്ങളായിരിക്കുന്നു. ആകയാൽ മൃഗത്തെ പിന്തുടൎന്നുംകൊണ്ടു രാജാവും സൂതനും പ്രവേശിക്കുന്നതുമുതൽ രണ്ടാമങ്കത്തിൽ രാജാവും മാഢവ്യനും തമ്മിൽ ശകുന്തളയെ സംബന്ധിച്ചുള്ള സംഭാഷണം ആരംഭിക്കുന്ന ഘട്ടത്തിൽ വള്ളികൾ പടൎന്ന മരത്തണലിൽ ഇരിക്കുന്നതുവരെയുള്ള ഭാഗമാണു് മുഖസന്ധി. ഈ ഭാഗം ആകപ്പാടെ വായിച്ചതിൽ ആററൂർശാകുന്തളവും വള്ളത്തോൾശാകുന്തളവും ഒരുവിധം നന്നായിട്ടുണ്ടെന്നു പറയാമെന്നല്ലാതെ അത്യന്തം മനോഹരമായിട്ടുണ്ടെന്നു് അഭിപ്രായപ്പെട്ടുവാൻ വയ്യ. മരത്തൈകൾക്കു നനയ്ക്കുന്നതിൽ വ്യാപൃതമാരായി ശകുന്തളയും സഖിമാരും നില്ക്കുകയും രാജാവു് അതു നോക്കിക്കൊണ്ടു മരത്തണലിൽ അവരാൽ അദൃശ്യനായി സ്ഥിതി ചെയ്കയും ചെയ്യുന്ന രംഗത്തിന്നു് ആകപ്പാടെ ഒരു കൊഴുപ്പു് മതിയായിട്ടില്ല. സന്ദൎഭത്തിന്റെ സ്ഥിതിക്കു വേണ്ടേടത്തോളമുള്ള മാധുൎയ്യം ഈ രംഗത്തിൽ വന്നിട്ടില്ല. വൃക്ഷലതാദികളിൽ സഹോദരബുദ്ധിയോടുകൂടി പെരുമാറുന്ന ശകുന്തളയുടേയും സഖിമാരുടേയും അവസ്ഥകൾ വായനക്കാരുടെ മനോദൎപ്പണത്തിൽ തന്മയത്വത്തോടെ പതിയുന്നില്ല. പദവാക്യപ്രയോഗത്തിലുള്ള ഔചിത്യദീക്ഷയുടെ കുറവാണു് ഇതിനു കാരണം. നല്ല ഔചിത്യമുണ്ടാകേണമെന്നു കരുതി വിരചിച്ച ചില പ്രയോഗങ്ങൾ വായനക്കാരുടെ നെററി ചുളിപ്പിക്കുന്നവയായി ചമഞ്ഞു കാണുന്നുണ്ടു്. ഭ്രമരബാധാവസരത്തിൽ ശകുന്തള തോഴിമാരെ വിളിച്ചു രക്ഷ യാചിക്കുന്ന ആ ഹൃദ്യമായ ചെറുചൂൎണ്ണികയെ വള്ളത്തോൾ "തോഴിമാരേ, ഈ വെറിയൻ മേൽക്കിട്ടുകേറുന്ന എന്നെ നിങ്ങൾ രക്ഷിക്കണേ!" എന്നാണു പരിഭാഷ

പ്പെട്ടുത്തിയിരിക്കുന്നതു്. ഒരു പുഞ്ചിരിയോടുകൂടിയല്ലാതെ ഇതു വായിപ്പാൻ പ്രയാസമാണു്. മോദകഖാദനം പിഷാരടിയുടെ പരിഭാഷയിൽ "അട പങ്കുവെക്കലും" വള്ളത്തോളിൻേറതിൽ "ലഡ്ഡു തിന്നലു"മായിരിക്കുന്നു. ഇങ്ങനെ ഇനിയും ചിലതു പറയുവാൻ കാണും. മററുള്ള രംഗങ്ങ൪ ഈ വിഷയത്തിൽ കുറച്ചു മെച്ചപ്പെട്ടിട്ടുണ്ടെന്നു പറയാം. ശകുന്തളയുടെ "വനജ്യോത്സ്ന" എന്ന നവമാലിക ഒരു മുല്ലയാണെന്നാണു ഞാൻ പഠിച്ചിട്ടുള്ളതു്. ശ്രീമാൻ പിഷാരടി അതിനെ മുല്ലയെന്നാണു തർജ്ജമ ചെയ്തിട്ടുള്ളതും. വള്ളത്തോളാകട്ടെ 'ചെറുപിച്ചകലത'യാക്കിയിരിക്കുന്നു. തേന്മാവിന്മേൽ പടരുന്നതിൻെറ രീതികൊണ്ടു നോക്കിയാൽ മുല്ലതന്നെയാകുന്നതാണു് അധികം യുക്തമെന്നു തോന്നുന്നു. മുല്ലയൊ പിച്ചകമൊ എന്നുള്ള കാൎയ്യത്തിൽ പിഷാരടിയുടെ അഭിപ്രായത്തോടു യോജിക്കുവാനാണു് എനിക്കു തോന്നുന്നതു്. "കൃതം ഭവതാ നിൎമ്മക്ഷികം" എന്ന വിദൂഷകൻെറ വാക്യത്തെ "ഈച്ചകളെപ്പോലെ ശല്യപ്പെടുത്തുന്ന വൎഗ്ഗത്തെയെല്ലാം അവിടുന്നു് ആട്ടിപ്പായിച്ചു" എന്നാണു പിഷാരടി തർജ്ജമ ചെയ്തിരിക്കുന്നതു്. ഇതു മൂലത്തിൻെറ അൎത്ഥവിവരണമല്ലാതെ തർജ്ജമയാകുന്നതല്ല. ആറാമങ്കത്തിൽ വിദൂഷകൻ 'നിൎമ്മക്ഷികം കൃതം' എന്നു പറയുന്നേടത്തു 'ശല്യപ്പെടുത്തുന്ന ഈച്ചകളെയെല്ലാം അവിടുന്നു് ആട്ടിക്കളഞ്ഞു' എന്നും പിഷാരടി തർജ്ജമ ചെയ്തിരിക്കുന്നു. രണ്ടു ഘട്ടങ്ങളിലും ഒരേ അൎത്ഥത്തിലുള്ള വാക്യങ്ങളെ രണ്ടു വിധത്തിലായി തർജ്ജമ ചെയ്യുവാൻ കാരണമെന്തെന്നറിഞ്ഞില്ല. ശ്രീമാൻ സി. എസ്സ്. നായർ പറയുന്നതു പോലെ ഇതിനു സ്വാരസ്യത്തിൻെറ കാൎയ്യത്തിൽ 'പിന്നോക്കം' തന്നെയാണെന്നാണു് എൻെറ പക്ഷം. വള്ളത്തോളിൻെറ ദുഷ്യന്തൻ വൈഖാനസനോടു സംസാരിക്കുന്നതിൽ ആശ്രമകന്യകയായ ശകുന്തളയെ 'അവ൪' എന്നു പറയുന്നതിൽ അനാദരത്തിൻെറ ഒരു നേരിയ ഛായ തനി മലയാളികൾക്കു തോന്നിയേക്കാം. 'ഇതു ശാന്തമാശ്രമം കയ്യിതോ തുടിക്കുന്നു ഫലമതെന്തിവിടെ' എന്ന ശ്ലോകാൎദ്ധത്തിൽ ശ്രീമാൻ പിഷാരടി 'അതുമിതും' കുത്തിനിറച്ചിട്ടുണ്ടെങ്കിൽ "വല്ക്കലാന്തസ്രുതവാരി രേഖകളുമുണ്ടംബുവാശയാദ്ധ്വാക്കളിൽ" എന്ന ശ്ലോകപാദത്തിൽ മഹാകവി വള്ളത്തോ൪ കുറെ "കുപ്പാക്കൂട്ടങ്ങളും" കുത്തിത്തിരുകീട്ടുണ്ടു്. ഈ വകയെല്ലാം കഥാരസാസ്വാദത്തിൽ വ്യാപൃതമായ സഹൃദയഹൃദയത്തിന്നു വലിയ പ്രതിബന്ധങ്ങളാണെന്നു് എനിക്കു തോന്നുന്നു. ഒരു പ്രബന്ധം വായിക്കുമ്പോ൪

സഹൃദയന്റെ ഹൃദയം ആ കഥയിലെ പാത്രങ്ങളുടെ തൽക്കാലാവസ്ഥയോടു തന്മയത്വം പ്രാപിക്കണം. കവിയുടെ ശക്തിയേയൊ അശക്തിയേയൊ കുറിച്ചു വിചാരിച്ചു ബഹുമാനമോ അനാദരമൊ തോന്നുവാൻ സഹൃദയഹൃദയത്തിന്നു് ഇട കൊടുക്കരുതു്. രചനാഭംഗിയും ഔചിത്യപുഷ്ടിയും പ്രബന്ധത്തിന്നില്ലെങ്കിൽ വായനക്കാരന്റെ മനസ്സു കഥാപാത്രങ്ങളിൽനിന്നു തിരിഞ്ഞു കവികളുടെ നേരെ പ്രസരിക്കുമെന്നു പറയേണ്ടതില്ലല്ലൊ.

ഇത്രയും സാമാന്യമായി പറഞ്ഞുവെച്ചു മുഖസന്ധിയിലെ ചില പ്രധാനശ്ലോകങ്ങളുടെ ഗുണദോഷങ്ങളെപ്പററി ചിന്തിക്കുവാൻ ഭാവിക്കുന്നു:—

പിടച്ചുകടിഞ്ഞാണയച്ചുളവു പൂൎവ്വകായം വലി-
ഞ്ഞുടൻ ചെവിയുയൎത്തി നിശ്ചലിതചാമരാഗ്രത്തൊടും
കുളമ്പടി പടൎത്തിടും പൊടിയുമേററിടാതങ്ങു മാൻ
കുതിപ്പതു സഹിച്ചിടാപ്പടി ഹയങ്ങൾ പായുന്നിതാ.

(ആററൂർ)

വാരഞ്ചും കടിഞ്ഞാണഴച്ചു പൊഴുതേ
മുന്മെയ്യ് തുലോം നീണ്ടു, ന-
ണ്ടാതായ്ക്കൂൎമ്പിയ കൎണ്ണമോടചലമാം
വെൺചാമരാഗ്രത്തൊടും
പാരം തങ്ങളിൽനിന്നുയൎന്ന പൊടിയാൽ-
പ്പോലും ദുരാപങ്ങളായ്,
മാനിൽപ്പാച്ചിൽ പൊറാത്ത പോലിത, കുതി-
ച്ചോടുന്നു തേർവാജികൾ.

(വള്ളത്തോൾ)

ഇവയിൽവെച്ചു് ആററൂരിന്റെ ശ്ലോകം അധികം വിശേഷമായിട്ടുണ്ടെന്നു് ഒരു നോട്ടത്തിൽ ഏവരും വിചാരിക്കും. വിദ്വാൻ സി. എസ്സ്. നായരേയും ശിരോമണി കുട്ടികൃഷ്ണമാരാരേയും കൂടി ഈ ശ്ലോകം ഭ്രമിപ്പിച്ചതായി കാണുന്നു. എന്നാൽ, രചനാധാടി കാണുമ്പോഴുള്ള ശിരഃകമ്പനം കഴിഞ്ഞതിനു ശേഷം അവധാനപൂൎവ്വം ആലോചിച്ചാൽ ഈ ശ്ലോകത്തിന്നു പല കോട്ടങ്ങളും കാണാം. ശ്ലോകത്തിന്റെ ഓജസ്സു

കണ്ടാൽ സൂതൻ പറയുന്നതല്ല രാജാവു പറയുന്നതാണെന്നു തോന്നിപ്പോകും. കടിഞ്ഞാണിന്നു "പിടിച്ച" എന്ന വിശേഷണം മൂലത്തിലില്ലാய്കയാൽ എനിക്കത്ര പിടിച്ചില്ല. ചെവിയുയത്തിയതു് "ഉടൻ" ആകയാലായിരിക്കാം "നിഭൃതം" പൊയ്പോയതു്. "ആത്മോത്ഥിതൈരപിരജോഭിരലംഘനീയാഃ" എന്ന മൂലത്തിന്നു "കുളമ്പടി പടത്തിട്ടും പൊടിയുമേററിടാതെ" എന്നതു ശരിയായ പരിഭാഷയല്ല. എങ്കിലും പൊടി പുറപ്പെടുന്നതു കുളമ്പടി കൊണ്ടാകയാൽ വന്നുകൂടുന്ന അർത്ഥം വ്യത്യാസമല്ലതാനും. എന്നാൽ ടിപ്പണികാരൻ നമ്പൂതിരി "കുളമ്പടികൊണ്ടു പുറപ്പെടുന്ന പൊടി ആ കുളമ്പിന്മേൽ പോലും പററാത്തവിധത്തിലെന്നർത്ഥം. അതാണു ശരിയായ മൂലാർത്ഥവും" എന്നു പറഞ്ഞിട്ടുള്ളതിൻെറ സാരം മനസ്സിലായില്ല. മൂലത്തിൽ കുളമ്പിനെത്തന്നെ പറഞ്ഞിട്ടില്ല. പിന്നെ കുളമ്പിന്മേൽ പൊടി പററാത്തവിധത്തിലെന്നു മൂലാർത്ഥം വരുന്നതെങ്ങനെ? മൂലാർത്ഥജ്ഞാനത്തിൽ അതിസമർത്ഥനാണു താനെന്നു നമ്പൂതിരി പല ദിക്കിലും ഉപന്യസിച്ചു കാണുന്നുണ്ടു്. പക്ഷെ മൂലം വായിച്ചിട്ടുള്ളവരാരും അതു സമ്മതിക്കുമെന്നു തോന്നുന്നില്ല. വള്ളത്തോൾപരിഭാഷ "പിടിച്ച കടിഞ്ഞാണയച്ചു" എന്ന ശ്ലോകത്തോടു കിടപിടിക്കുവാൻ ധാടികൊണ്ടു പോര. വാരഞ്ചും, തുലോം, പാരം എന്നിങ്ങനെ വിടവടയ്ക്കുന്ന പദങ്ങൾ പലതും അതിലുണ്ടുതാനും. എങ്കിലും "ആത്മോത്ഥിതൈരപി രജോഭിഃ" എന്നതിൻെറ അർത്ഥം തെററീട്ടില്ല.

> പുരുവിൻെറ കുലത്തിലുദ്ഭവിച്ചീ-
> ടിനൊരങ്ങക്കിതു നല്ല യുക്തമല്ലോ
> ഗുണമിത്തരമാന്നു ചക്രവർത്തി
> സ്ഥിതിചേരും സുതനെ ബ്ഭവാൻ ലഭിക്ക.
>
> (ആററൂർ)

> പൂരുവംശ പ്രഭവനാ-
> മങ്ങേയ്ക്കിതുചിതം തുലോം;
> പിറക്കുകേ,വം ഗുണനായ്-
> സ്സമ്രാട്ടാകുമൊരുണ്ണി തേ!
>
> (വള്ളത്തോൾ)

ഇതിൽ പിഷാരടിയുടെ തർജ്ജമ മൂലത്തിന്നു യോജിച്ചിരിക്കുന്നുണ്ടെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ "പുത്രം അവ്നുഹി" എന്നു പറഞ്ഞ

വൈഖാനസന്റെ വിവക്ഷ ഉണ്ണി പിറക്കട്ടെ എന്നു മാത്രമാകയാൽ വള്ളത്തോൾ തൎജ്ജമയും ശരിയല്ലെന്നു പറയുവാൻ വയ്യ. വൈഖാനസന്റെ ഈ അനുഗ്രഹമാണു കഥയുടെ ബീജമെന്നും ഈ ബീജം ഏഴാമങ്കത്തിൽ കഥാന്തത്തിലുള്ള പുത്രലാഭമാകുന്ന ഫലംവരെ പ്രവൎത്തിച്ചുകൊണ്ടിരിക്കണമെന്നും ഉള്ള കാരണത്താൽ ഉണ്ണി പിറക്കുക എന്നുള്ള തൎജ്ജമയേക്കാൾ സുതനെ ലഭിക്ക എന്ന തൎജ്ജമയാണു മെച്ചമെന്നും ചിലർ പറയുന്നുണ്ടു്. എങ്കിലും വൈഖാനസൻ രാജാവിന്നൊരുണ്ണിയുണ്ടാകട്ടെ എന്നല്ലാതെ ഒരുണ്ണിയുണ്ടായി വളരെ കാലം രാജാവിന്നു ലഭിക്കാതിരിക്കട്ടെ എന്നും പിന്നീട്ടു ലഭിക്കട്ടെ എന്നും കരുതി രാജാവിനെ അനുഗ്രഹിച്ചിരിക്കാൻ ഇടയില്ല. അത്രത്തോളം പോരു കരുതിക്കൊണ്ടാണു വൈഖാനസന്റെ അനുഗ്രഹമെങ്കിൽ അതു കേട്ടിട്ടു രാജാവു് 'ആശീൎവ്വാദം അംഗീകരിച്ചു' എന്നു പറയുന്നതിന്നു പകരം 'ഈശ്വരാ, ഇത്തരക്കാരായ വൈഖാനസന്മാരിൽനിന്നു് എന്നെ രക്ഷിക്കണേ' എന്നാണു പറയുമായിരുന്നതു്. ആകയാൽ ഈ വിഷയത്തിൽ ഒരു തൎജ്ജമ മറ്റേതിനെ അപേക്ഷിച്ചു മേലെയായി എന്നു പറയുവാൻ നിവൃത്തിയില്ല. ഈ ശ്ലോകത്തോടു സമാനാൎത്ഥകമായ ഒരു ശ്ലോകമാണു രഘുവംശത്തിൽ

"പുത്രം ലഭസ്വാത്മഗുണാനുരൂപം
ഭവന്തമീഡ്യം ഭവതഃ പിതേവ"

എന്ന കൌത്സമഹൎഷിയുടെ അനുഗ്രഹമായിട്ടുള്ള ശ്ലോകം. അവിടെയും പുത്രനെ ലഭിക്കുക എന്നുതന്നെ പറഞ്ഞിരിക്കുന്നു. അവിടെ ഉത്തരത്തിലുള്ള ബീജവും ഫലവുമൊന്നും ചിന്തിക്കാനുമില്ലല്ലോ. അതിനാൽ ഈ വിഷയത്തിൽ വള്ളത്തോളിനു് ഒരു ന്യൂനത കല്പിക്കുവാൻ പാടുണ്ടെന്നു തോന്നുന്നില്ല. നാലാമങ്കത്തിൽ കാശ്യപന്റെ അനുഗ്രഹമായ "സുതം ത്വമപി സമ്രാജം സേവ പൂരുമവാപ്നുഹി" എന്നതും ഇതുകൊണ്ടുതന്നെ പറഞ്ഞുകഴിഞ്ഞു. "ചക്രവൎത്തിനമാപ്നുഹി" എന്നും "സമ്രാജം സേവ പൂരുമവാപ്നുഹി" എന്നുമുള്ളതിന്നു "ചക്രവൎത്തിസ്ഥിതി ചേരും സുതനെ" എന്നും "സമ്രാൾപദവിയെഴുന്ന സുതം" എന്നുമാണു് ആററൂരിന്റെ തൎജ്ജമ. ചക്രവൎത്തിയുടെ "സ്ഥിതി"യും "പദവി"യും ഉണ്ടായതുകൊണ്ടു മതിയായില്ല, "ചക്രവൎത്തി" തന്നെയായാലേ മതിയാകയുള്ളു.

ചഞ്ചൽ കൺമുനയേററ നീ വിറയെഴും
പൂമൈ തൊടുന്നുണ്ടു നീ
കൊഞ്ചിക്കാതിനടുത്തു ചെന്നു പലതും
മന്ത്രിച്ചിടുന്നുണ്ടു നീ।
അഞ്ചിക്കൈ കുതറീടവേ രതിപദം
ചെഞ്ചുണ്ടു ചുംബിപ്പു നീ
വഞ്ചിച്ചൂ പരമാത്ഥചിന്തയിഹമാം
വണ്ടേ ഭവാൻ ഭാഗ്യവാൻ.

(ആററൂർ)

ലോലാപാങ്ഗേക്ഷിതൻ നീ പലതവണ തൊട്ടു-
ന്നു വിറക്കൊള്ളുമോളെ;-
ച്ചാലേ ചെന്നാലപിപ്പൂ ചെവിയിൽ മൃദു നിഗൂ-
ഢോക്തി ചൊല്ലുന്നപോലെ;
കൈരണ്ടും കൊണ്ടു തട്ടുന്നവളുടെ രതിസ-
ത്തായ ചുണ്ടാസ്വദിപ്പൂ—
നേരന്വേഷിക്കയാൽ വഞ്ചിതർ മധുകരമേ,
ഞങ്ങൾ; നീതാൻ കൃതാത്ഥൻ!

(വള്ളത്തോൾ)

ആററൂർ പദ്യത്തിലെ ആദ്യപാദത്തിൽ 'നീ' എന്നു രണ്ടു പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ടു്. മൂലത്തിലെ 'ചലാപാംഗംദൃഷ്ടഃ' എന്നതു വേറെ ഒരു വാക്യമായി എടുത്താലെ ഇതു ശരിയാകയുള്ളു. അല്ലാത്തപക്ഷം അദ്ദേഹം "ചഞ്ചൽകൺമുനയേല്ക്കവേ വിറയെഴും" എന്നാണു് തർജ്ജിമചെയ്തിട്ടുള്ളതെന്നു് അദ്ദേഹത്തിന്റെ വലത്തുകയ്യായ ടിപ്പണകാരൻ പറയുന്നു. പണ്ടൊരു പണിക്കർ ഗർഭസ്ഥനായ ഒരു ശിശു ആണോ പെണ്ണോ എന്നുള്ളതു "പുരുഷോ ന സ്ത്രീ" എന്നിങ്ങനെ നകാരത്തെ പൂർവ്വപദത്തിലേക്കോ ഉത്തരപദത്തിലേക്കോ യഥാസംഭവം കൂട്ടിച്ചേർക്കാവുന്ന വിധത്തിൽ എഴുതിക്കൊടുത്തതായി കേട്ടിട്ടുണ്ടു്. ആ വിദ്യവിദ്വാനായ കൃഷ്ണപ്പിഷാരടി പ്രയോഗിച്ചതു സ്വപ്രത്യയസ്ഥൈയ്യത്തിന്റെ കുറവുകൊണ്ടായിരിക്കാം. അല്ലെങ്കിൽ മൂലത്തിലെ സ്പൃശസി സ്വനസി, പിബസി എന്നിങ്ങനെ ഒരുപോലെയുള്ള പ്രയോഗങ്ങൾ കണ്ടിട്ടും അദ്ദേഹത്തിന്നു സംശയം തീരാതിരിപ്പാൻ വഴിയില്ല. എന്താ

യാലും ശ്ലോകം ഭംഗിയായിട്ടുണ്ട്. ബഹുശഃ എന്നതു വിട്ടുകളഞ്ഞതു നന്നായില്ല. "രഹസ്യാഖ്യായീവ" എന്ന ഉൽപ്രേക്ഷയെ വിട്ടതു കഷ്ടമായി. "രതിപദം" എന്നതിന്നു "രതിസർവ്വസ്വം" എന്നു് അർത്ഥം കിട്ടുന്ന കാര്യം കഷ്ടിയുമാണു്. "ചഞ്ചൽ" "വഞ്ചിച്ചു" എന്ന രണ്ടു "ഞ്ച"സ്ഥലം വാസ്തവത്തിൽ ഇവിടെ സ്ഥാനമുള്ളൂ. "കൊഞ്ചി"യതും "അഞ്ചി"യതും അധികമാണു്. അവ ശൃംഗാരത്തിന്നു ചേർന്ന പദങ്ങളാണെന്നു സമ്മതിക്കാം. പക്ഷെ ശൃംഗാരത്തിന്റെ ഒരു പരിസ്ഫൂർത്തിക്കുമാത്രമേ ഇവിടെ പ്രസക്തിയുള്ളൂ എന്നു് ഓർക്കേണ്ടതാണു്. 'അധര'ത്തെ ചെഞ്ചുണ്ടാക്കിയതു കൊള്ളാം. "പിബസി" എന്ന പാനക്രിയ വിടാതിരിക്കുകയാണു് അതിലധികം ആവശ്യം. "കൃതി" എന്നതിന്നു "ഭാഗ്യവാ"നെന്നതിനേക്കാൾ നല്ല തർജ്ജമ 'കൃതാർത്ഥൻ' എന്നാണു്. വള്ളത്തോളിന്റെ പദ്യത്തിലാകട്ടെ ഈ വക അഞ്ചികൊഞ്ചിക്കുഴച്ചിലൊന്നുമില്ലെങ്കിലും വണ്ടു ശകുന്തളയെ 'പലതവണ' തൊടുന്നുണ്ട്. 'രഹസ്യാഖ്യായീവ' എന്ന ഉൽപ്രേക്ഷയും "നിഗൂഢോക്തി ചൊല്ലുന്നപോലെ" എന്നിങ്ങനെ ഒപ്പിച്ചിട്ടുണ്ട്. "സ്വനസി"യെ "ആലപിപ്പു" എന്നാക്കിയതു സാമാന്യത്തിൽനിന്നു കവിഞ്ഞുപോയി. "കൈ രണ്ടുംകൊണ്ടു്" എന്നതു പോകട്ടെ. "വ്യാധുന്വത്യാഃ" എന്നതിന്നു "തട്ടുന്നവളുടെ" എന്നല്ല "കുതറുന്നവളുടെ" എന്നുതന്നെയാണർത്ഥം. "രതിസർവ്വസ്വ"ത്തിന്റെ സ്ഥാനത്തു് "രതിസത്തായ" എന്നതു് ആസ്സാം. "ആസ്വദിപ്പൂ" നന്നായി. ആത്മനി ബഹുവചനമായ "വയം" ഭാഷയിൽ "നാം" ആണു്, ഞങ്ങൾ അല്ല. പഴയ ചില ഗ്രന്ഥങ്ങളിൽ "ഞങ്ങൾ" എന്നും കാണുന്നതിനാൽ അതും സമ്മതിക്കാം. പക്ഷെ പറഞ്ഞിട്ടു ഫലമെന്തു്? സർവ്വപ്രധാനമായ അംശം—സമാസോക്തിയുടെ മൂലമായ ഒരംശം—വള്ളത്തോൾ കൈവിട്ടിരിക്കുന്നു. "മധുകരമേ" എന്ന നപുംസക സംബോധന ശ്ലോകത്തെ ആകപ്പാടെ കെട്ടുത്തു കളഞ്ഞിരിക്കുന്നു. "മധുകര" എന്ന സംബോധനയിലുള്ള പുംസ്ത്വമാണു് ഇതിൽ അപ്രസ്തുതമായ കാമുകവ്യാപാരപ്രതീതിയുടെ ബീജമെന്നു പറയേണ്ടതില്ലല്ലോ.

എവനാണു ദുർവ്വിനീതരെ
യനിശം ശാസിച്ചു പൌരവൻ വാഴ്കെ
അവിനയമതിമൂഢകളാം
മുനികന്യകമാരിലാചരിപ്പോരിവൻ  (ആറാമൻ)

ഭ്രമര ബാധാവസരത്തിൽ രാജാവ് ശകുന്തളയുടെ അടുത്തുചെന്നു പറയുന്നതായ ഈ പദ്യം അൎത്ഥവിഷയത്തിൽ ഉത്തമമായിട്ടുണ്ട്. എന്നാൽ ഇതിന്റെ രചന വായനക്കാരെ തെററിദ്ധരിപ്പിക്കുന്നവിധത്തിലായിപ്പോയി. "എവനാണ" എന്നതിലെ ണകാരത്തിന്റെ മുകളിൽ സംവൃതചിഹ്നമൊന്നും വിന്യസിക്കായ്കയാൽ എവനാണ്+ അദുൎവ്വിനീതരെ എന്നു പദച്ഛേദം ചെയ്യേുകം. ആ ണകാരത്തിന്റെ ഉച്ചാരണം സ്വരചിഹ്നമില്ലെങ്കിലും സംവൃതസ്വരമായിട്ടാണെന്നു വായനക്കാർ ധരിക്കുകയില്ല. ദ്വിതീയപാദാന്തത്തിലുള്ള "വാഠംകെ" "വാഴ്കെ"ക്കു പകരമാണ്. കാഴ്ച, വാഴ്ച, വേഴ്ച, താഴ്ച മുതലായതെല്ലാം ശ്രീമാൻ ആററൂർ എഴുതുമ്പോൾ കാഠംച്ച, വാഠംച്ച, വേഠംച്ച, താഠംച്ച എന്നു തുടങ്ങി രൂപാന്തരപ്പെടുന്നു. ഇതു് ഒരു വീഴ്ചതന്നെയാണ്. വള്ളത്തോൾപരിഭാഷയിലെ

"ആരാണു, തെമ്മാടികളെശ്ശരിക്കു
ശാസിച്ചിട്ടും പൌരവന്നുഴി വാഴ്കെ,
അടക്കമില്ലായ്മ തുടന്നതിങ്ങു
പാവങ്ങളാം താപസ കന്യകമാരിൽ"

എന്ന പദ്യത്തിന്റെ രചനയ്ക്കു മാൎദ്ദവം കുറെ ഏറിപ്പോയൊ എന്നു സംശയിക്കുന്നു. അൎത്ഥംകൊണ്ടു് ആററൂരിന്റേതിനേക്കാൾ എത്രയോ താഴെയാണു നിശ്ചയം. "ദുൎവ്വിനീതരെ" "തെമ്മാടി"കളെന്നു പറഞ്ഞതു കാണുമ്പോൾ "ചട്ടമ്പികളെ"ന്നു പറഞ്ഞില്ലല്ലോ എന്നേ സമാധാനം തോന്നുന്നുള്ളു. "തെമ്മാടിക"ളെന്ന പദം രാജാവിനെക്കൊണ്ടു പറയിക്കേണ്ടിയിരുന്നില്ല. "പാവങ്ങൾ"ക്കു "മുഗ്ദ്ധകൾ" എന്ന അൎത്ഥം എങ്ങനെ വരുന്നുവെന്നു മനസ്സിലാകുന്നില്ല. "പാവങ്ങൾ=ലോകത്തിൽ നെറികേടുണ്ടെന്നുപോലും അറിഞ്ഞിട്ടില്ലാത്തവർ" എന്നു കുട്ടിക്കൃഷ്ണമാരാരുടെ "പ്രിയംവദ" പ്രിയം പറയുന്നു. ദയനീയന്മാരായ ശിശുക്കൾ, രോഗികൾ മുതലായവരെ കാണുമ്പോൾ പാമേ, പാവം, പാവമേ എന്ന വാക്കുകൾ പറയാറുണ്ട്. അവ അനുകമ്പാദ്യോതകങ്ങളായ വ്യാക്ഷേപകങ്ങളാണ്. അതിൽനിന്നു പിന്നെ നാമമായും നാമവിശേഷണമായും പാവം, പാവങ്ങൾ എന്നൊക്കെ പ്രയോഗിപ്പാൻ തുടങ്ങി. ആകയാൽ ദയനീയർ എന്നാണു പാവങ്ങൾക്കൎത്ഥം. മുഗ്ദ്ധകൾ എന്നതിന്നു അച

തുരകൾ എന്നാണു പ്രകൃതത്തിൽ അൎത്ഥമെന്നു തോന്നുന്നു. ആരോടും ഒരവിനയവും ചെയ്യാൻ ത്രാണിയില്ലാത്തവരെന്നു സാരം. അങ്ങനെയുള്ളവരുടെ നേരെ അവിനയംചെയ്യുന്നവരെയാണല്ലോ രാജാവു ശിക്ഷിക്കേണ്ടതു്.

വൎത്തിക്കവേണ്ടതിവൾ വേളിവരേയ്ക്കു താനോ
കന്ദൎപ്പചേഷ്ടയെ വിലക്കമൃഷിവ്രതത്തിൽ?
എന്നെന്നുമത്ര മദിരേക്ഷണ മൈത്രിപൂണ്ടു
മാൻമങ്കമാരൊടൊരുമിച്ചുമരേണമെന്നോ?

(വള്ളത്തോൾ)

രാജാവു് ശകുന്തളയെപ്പററി സഖിമാരോടു ചോദിക്കുന്ന ഈ പദ്യത്തിൽ ഋഷിവ്രതത്തിന്നു മൂലത്തിലെ വൈഖാനസവ്രതത്തിൻെറ അൎത്ഥം വരുമെന്നു തോന്നുന്നില്ല. വള്ളത്തോൾ വൈഖാനസ ശബ്ദത്തെ നിരക്കേ ഋഷി എന്നാണു തൎജ്ജമചെയ്തിരിക്കുന്നതു്. വൈഖാനസ വ്രതമെന്നാൽ വാനപ്രസ്ഥവ്രതം അതായതു വനത്തിൽ പാൎത്തു തപസ്സുചെയ്യുക എന്ന വ്രതം എന്നാണൎത്ഥം. ഋഷിശബ്ദത്തിനു് 'ഋഷതി പ്രാപ്നോതി സൎവ്വാൻ മന്ത്രാൻ' എന്ന വ്യുല്പത്തിപ്രകാരം മന്ത്രദ്രഷ്ടാവ്, ജ്ഞാനി എന്നിത്യാദിയാണൎത്ഥം. ബ്രഹ്മൎഷി, ദേവൎഷി, മഹൎഷി, പരമൎഷി, കാണ്ഡൎഷി, ശ്രുതൎഷി, രാജൎഷി എന്നിങ്ങനെ ഏഴുവിധം ഋഷിമാരുള്ളതിൽ ആൎക്കും കാട്ടിൽ പാൎത്തു തപസ്സുചെയ്യുക എന്നതു് ഒരു വ്രതമായി പറഞ്ഞുകാണുന്നില്ല. ഋഷികളിൽ പലരും സപത്നീകന്മാരാകയാൽ അവരുടെ വ്രതം 'കന്ദൎപ്പചേഷ്ടയെ വിലക്കു'ന്നതുമല്ല. ഹരിണാംഗനമാരെ "മാൻമങ്കമാർ" എന്നു പറഞ്ഞതു വിചിത്രമായ ഒരു പ്രയോഗമാണു്. "മങ്കമാർ" എന്നു സാധാരണമായി മനുഷ്യസ്ത്രീകളെമാത്രമേ പറഞ്ഞുകേട്ടിട്ടുള്ളു. "മനുഷ്യമങ്കമാക്കേവം" എന്നും ഇതിൽ പ്രയോഗിച്ചുകാണുന്നതിനാൽ ഈ പദത്തെ മഹാകവി സ്ത്രീസാമാന്യവാചിയായിട്ടേ ഉദ്ദേശിച്ചിട്ടുള്ളുവെന്നു സ്പഷ്ടമാണു്. ഈ മഹാകവിപ്രയോഗം കണ്ടിട്ടു ജനങ്ങൾ ആനമങ്ക, കുതിരമങ്ക, കഴുതമങ്ക, പക്ഷിമങ്ക എന്നൊക്കെ പ്രയോഗിച്ചുതുടങ്ങുവാനിടയുണ്ടു്. ഈ ശ്ലോകത്തിൻെറ ആററൂർപരിഭാഷ ഈവക അൎത്ഥവൈകല്യമൊന്നുമില്ലാത്ത ഒരു നല്ല ശ്ലോകമാണു്. നോക്കുക: —

"വേൾക്കപ്പോളമോ മദനവൃത്തവിരോധിയാമീ
വൈഖാനസവ്രതനിഷേവയിവൾക്കു വേണ്ടു

വാഴ്വുള്ളന്നേത്രരുചിയാൽ പ്രിയമാന്നൊരേണീ-
വഗ്ഗത്തൊടെന്നുമിഹ ചേൎന്നമരേണ്ടതുണ്ടോ"

വൃക്ഷസേചനത്താൽ ക്ഷീണിച്ച ശകുന്തളയെക്കണ്ടു രാജാവു പറയുന്നു:—

ഉള്ളംകയ്യധികം തുടുത്തു കുടമേ-
റ്ററിത്തോളുരണ്ടും കിഴി-
ഞ്ഞല്ലോ വേപഥു നൽകിടുന്ന നെടുവീ-
പ്പ്രിക്കൊങ്കകൾക്കിപ്പൊഴും
തെല്ലല്ലീ വദനേ വിയപ്പണിശിരീ-
ഷപ്പൂ തടഞ്ഞീടുമാ-
റെല്ലാം ചിന്നിയഴിഞ്ഞ കുന്തലൊരുകൈ-
കൊണ്ടൊന്നു ബന്ധിച്ചതും.

(ആററവർ)

ഈ ശ്ലോകത്തിന്റെ മൂലം കൈകൾ കുടമേററുകയാൽ തോളുകൾ കിഴിഞ്ഞും ഉള്ളംകൈ അധികം തുടുത്തുമിരിക്കുന്നു, കുന്നുകളിൽ കവിഞ്ഞതായ നെടുവീപ്പ് ഇപ്പോഴും സ്തനങ്ങളിൽ വിറയുണ്ടാക്കുന്നു, മുഖത്തു "കണ്ണശിരീഷരോധി"യായ വിയപ്പ് പാററിയിരിക്കുന്നു, കെട്ടഴിയുമ്പോൾ ഒററക്കൈകൊണ്ടൊതുക്കിയ തലമുടിയും പയ്യാകുലമായിരിക്കുന്നു" എന്നിങ്ങനെ നാലു വാക്യമായിട്ടാണ്. തജ്ജമയിൽ ഒന്നും രണ്ടും വാക്യങ്ങൾ നന്നായിട്ടില്ല. ഒന്നാംവാക്യം "ഉള്ളംകയ്യ" മുതൽ "കിഴിഞ്ഞല്ലോ" എന്നവരെയാണ്. അതിൽ ഉള്ളംകയ്യ തുടുക്കാനും തോളുകൾ കിഴിവാനും ഹേതുവായ "കുടമേററി" എന്നതു് ആദ്യം വെക്കാതെ രണ്ടിന്റെയും നടുവിൽ വെച്ചതുകൊണ്ടു് ആദ്യത്തേതിനോടു സംബന്ധമില്ലാതെ പോയി. "അല്ലോ"വിന്നു പ്രയോജനമൊന്നുമില്ല "വേപഥു" എന്നതു മുതൽ രണ്ടാംപാദത്തിന്റെ അവസാനംവരെ രണ്ടാം വാക്യം. "വേപഥു + നൽകിടുന്ന + നെടുവീപ്പ്" ഇതിൽ കമ്മപദത്തിന്നു വിഭക്തിപ്രത്യയമില്ലായ്കയാൽ വേപഥു നെടുവീപ്പിനേയൊ നെടുവീപ്പ് വേപഥുവിനേയൊ നൽകുന്നതെന്നു സംശയം വരുന്നു. "പ്രമാണാധികഃ" എന്ന വിശേഷണം നെടുവീപ്പിൽ പറന്നുപോയി. ഈ ശ്ലോകത്തിന്റെ രചന അത്യന്തം ക്ലിഷ്ടമായിരിക്കുന്നു. ഈ പദ്യത്തിൽ "ക്രീഡാവിശേഷത്തിലുംകൂടി ഉണ്ടാകാവുന്ന നായികയുടെ സ്ഥിതിഭേദം"

തോന്നുന്നതായി വ്യാഖ്യാതാവു പറയുന്നു. വാച്യമായ അൎത്ഥത്തിന്റെ പ്രതീതിതന്നെ ക്ലിഷ്ടമായിരിക്കെ അതിൽ കവിഞ്ഞ ഒരൎത്ഥം അനുഭവപ്പെടുവാൻ പ്രയാസമുണ്ട്. ഇതിന്റെ വള്ളത്തോൾതൎജ്ജമ ഒരുവിധം നന്നായിട്ടുണ്ടെന്നു വേണം പറവാൻ. അതാവിതു്:—

"പെട്ടിരിപ്പു ചുമൽതാഴ്ന്ന കൈയ്യുതി രുടപ്പു
നീർക്കുടമെടുക്കയാൽ,
വിട്ടതില്ല മുലതൻ കുലുക്കമിതുപോതു,-
മേറിയ കിതപ്പിനാൽ;
മററിനില്പിതു മുഖത്തു കൎണ്ണഗശിരീഷ-
മൊട്ടിനവിയപ്പുനീർ;
കെട്ടഴിഞ്ഞൊ,രുകരത്തിനാൽത്തിരുകിവെച്ച
വാർകുഴലുമാകുലം."

ആനയുടെ വൎണ്ണനയായ

ഊക്കിൽ കുത്തിമറിച്ച വൃക്ഷമൊരു കൊ-
മ്പിൽ കോത്തു വള്ളിപ്പട-
പ്പൊക്കല്ലെട്ടിവലിച്ചു കാലുകളതിൽ
കെട്ടിപ്പിണഞ്ഞങ്ങനെ
ആക്കം കൂടിയൊരാന മാൻനിര പിരി-
ച്ചോടിച്ചു മൂൎത്തം തപോ
വിഘ്നംപോലെ വരുന്നു ധൎമ്മവിപിനേ
തേർ കണ്ടു പേടിച്ചിതാ.

(ആറർ)

ക്രൂരംകുത്തേററൊടിഞ്ഞീടിന തടിയൊരുകൊ-
മ്പത്തമൎന്നും, പദത്തിൽ
ക്കേറിച്ചുററിപ്പിണഞ്ഞീടിന ലതികകളാൽ
ച്ചങ്ങലക്കെട്ടു പൂണ്ടും,
മാങ്കൂട്ടത്തെപ്പിരിപ്പിച്ചുടലുടയ തപോ-
വിഘ്നമാണെന്നു തോന്നും-
മാറായ്, ത്തേർകണ്ടുപേടിച്ചൊരു ഗജമിഹ പൂ-
കുന്നുമുണ്ടാശ്രമത്തിൽ

(വള്ളത്തോൾ)

ഈ ശ്ലോകങ്ങൾ രണ്ടും കൂടി നോക്കിയാൽ ആറന്മരിൻെറ ആന യുടെ കൂട്ടിന്നു നില്പാൻ വള്ളത്തോളിൻെറ ആനയ്ക്കു് "അന്തസ്സ്" പോരെന്നു പറയാതെ കഴികയില്ല. ആറന്മരിൻെറ ആന "ഊക്കിൽ കുത്തി മുറിച്ച വൃക്ഷമൊരു കൊമ്പിൽ കോർത്തി"രിക്കുന്നു. വള്ളത്തോ ളിൻെറ ആനയ്ക്കാകട്ടെ "ക്രൂരം കുത്തേററൊടിഞ്ഞീടിന തടിയൊരു കൊമ്പത്തമർന്നി"ട്ടേയുള്ളു. ആദ്യത്തേതു "വള്ളിപ്പടപ്പൊക്കെയൂട്ടി വലിച്ചു" കൊണ്ടാണു വരുന്നതു്. രണ്ടാമത്തേതു നിശ്ചലമായിനിന്നു തപസ്സു ചെയ്കയായിരിക്കാം ഇതേവരെ ചെയ്തിരുന്നതു്. അല്ലെങ്കിൽ വള്ളി കൾ "പദത്തിൽക്കേറിച്ചുററിപ്പിണയു"വാൻ ഇടയില്ല. ആറന്മർ പദ്യം ആകപ്പാടെ സന്ദർഭോചിതവും ഓജസ്സു തികഞ്ഞതുമായ രചന കൊണ്ടും അർത്ഥസ്ഫുടതകൊണ്ടും അതിശ്ലാഘ്യമായിരിക്കുന്നു. അതു വായിക്കുമ്പോൾ ആശ്രമത്തിലേക്കോടി വരുന്ന ആനയെ കണ്ണിന്നു മുമ്പിൽ കാണുന്നതുപോലെ തോന്നുന്നു. പദംപ്രതി പരിശോധിക്കു മ്പോൾ "ഊക്കം കൂടിയ" എന്ന വിശേഷണം അധികമാണെങ്കിലും അതിവിടെ അധികമാണെന്നു തോന്നുന്നില്ല. നിറഞ്ഞ കവിശക്തി യുടെ തികഞ്ഞ പ്രതിബിംബനം ഈ പദ്യത്തിൽ കാണുന്നുണ്ടു്. ആറന്മരിൻെറ ഈ പദ്യം മൂലശ്ലോകത്തെ കവിച്ചുവച്ചിരിക്കുന്നു എന്നു പറഞ്ഞാൽ പോലും എറിപ്പാകുന്നതല്ല. ഇതുപോലെ പ്രസന്നവും പ്രൌഢവും സരസവുമായ ഒരൊററ ശ്ലോകം പോലും — ഏതു സന്ദർഭ ത്തിലെങ്കിലും — വള്ളത്തോളിൻെറ ശാകുന്തളത്തിൽ എടുത്തു കാണിപ്പാനില്ല.

> പ്രിയ സുലഭയല്ലയെങ്കിലു-
> മവൾ ഭാവം കണ്ടു പൊറുതിയുണ്ടുള്ളിൽ
> സ്മരകൃത്യമായിടായ്കിലു-
> മിരുവരുമർത്ഥിപ്പതൊട്ടു സുഖമേകും
>
> (ആറന്മർ)

> പ്രിയയസുലഭയെന്നിരിക്കിലും, തൽ
> പ്രണയിതകണ്ടു സമാശ്വസിപ്പു ചിത്തം
> മനസിജനകൃതാർത്ഥനാകിലാട്ടെ
> രതിയുളവാമുഭയാനുരക്തികൊണ്ടേ
>
> (വള്ളത്തോൾ)

"കാമൻ കൃതാൎത്ഥനാകാതിരിക്കെത്തന്നെ" എന്ന അൎത്ഥം "സ്മരകൃത്യമായിടാഞ്ഞിലും" എന്നതിനു കിട്ടുമോ? "സ്മരന്റെ കൃത്യമായി" എന്നും "സ്മരൻ കൃതാൎത്ഥനായി" എന്നുമുള്ള രണ്ടു വാക്യങ്ങൾക്ക് അൎത്ഥപ്രതീതിയിൽ വലിയ വ്യത്യാസമുണ്ട്. സ്ത്രീക്കു പുരുഷനിലോ പുരുഷനു സ്ത്രീയിലോ അഭിലാഷം ജനിപ്പിക്കുന്നതു സ്മരന്റെ കൃത്യമാണ്; പക്ഷേ അതുകൊണ്ടു സ്മരൻ "കൃതാൎത്ഥ"നാകുന്നില്ല. അവൎക്കു പരസ്പരസമാഗമം സംഭവിച്ചാൽ മാത്രമേ സ്മരൻ 'കൃതാൎത്ഥ'നാകയുള്ളു. സമാഗമം സംഭവിച്ചു കഴിയുന്നതിനു മുമ്പും, രണ്ടുപേൎക്കും തമ്മിൽ അഭിലാഷമുണ്ടായാൽ രതിയുണ്ടാകുമെന്നാണിവിടെ സാരം. കാമൻ അകൃതാൎത്ഥനാകിലും എന്നോ കൃതാൎത്ഥനാകാഞ്ഞിലും എന്നോ പറഞ്ഞാൽ മാത്രമേ അൎത്ഥം വിശദമാകയുള്ളു. "പ്രിയ സുലഭയല്ലയെങ്കിലും", "സ്മരകൃത്യമായിടാഞ്ഞിലും" ഈ രണ്ടിലും ഒരുപോലെ 'എങ്കിലും' എന്നൎത്ഥത്തിലുള്ള പദങ്ങൾ പ്രയോഗിച്ചതും ഭംഗിയായില്ല. "കാമം പ്രിയാ ന സുലഭാ" എന്നതിലെ 'കാമം' അകാമാനുമതിയെയാണു കാണിക്കുന്നതു്. അകാമാനുമതിയെന്നാൽ മനസ്സില്ലാതെകണ്ടുള്ള സമ്മതമാണ്. സുലഭയല്ലാതിരിക്കട്ടെ എന്നോ അസുലഭയെങ്കിൽ ആകട്ടെ എന്നോ മറ്റോ ആണ് അകാമാനുമതിയുടെ സ്വരൂപം. വള്ളത്തോൾ അകൃതാൎത്ഥശബ്ദത്തിന്റെ ശക്തിയും അകാമാനുമതിയും മനസ്സിലാക്കീട്ടുണ്ട്. എങ്കിലും അകാമാനുമതിയുടെ സ്ഥാനം തെറ്റിച്ചു. പ്രിയയുടെ അസൌലഭ്യത്തിൽ വേണ്ടതായ അകാമാനുമതിയെ മനസിജന്റെ അകൃതാൎത്ഥതയിലാണല്ലോ അദ്ദേഹം പ്രയോഗിച്ചിരിക്കുന്നതു്. പ്രിയ സുലഭയല്ലെന്നുള്ളതിനെയാണു രാജാവു മനസ്സില്ലാതെകണ്ടു സമ്മതിക്കുന്നതു്. മനസിജൻ അകൃതാൎത്ഥനാണെന്നുള്ളതിൽ അങ്ങനെയൊരു സമ്മതത്തിന്നു പ്രസക്തിതന്നെയില്ല. ഇതു നേരെയാവണമെങ്കിൽ

"പ്രിയയസുലഭയെന്നിരിക്കി, (ലാട്ടെ)
(തൽ) പ്രണയിത കണ്ടു സമാശ്വസിപ്പു ചിത്തം
മനസിജനകൃതാൎത്ഥ(നായിരിക്കിലും)
രതിയുഭയാമുഭയാനുരക്തികൊണ്ടേ"

എന്നാവണം. 'ഭാവ'ത്തിനു 'പ്രണയിത'യെ പകരം വെച്ചതു പൊന്നു വെക്കേണ്ടിടത്തു പൂവു വെക്കുന്നതുപോലെയേ ആയിട്ടുള്ളു.

'ഉഭയപ്രാർത്ഥന'യുടെ സ്ഥാനത്തുവെച്ച 'ഉഭയാനുരക്തി'യും തഥൈവ. 'പ്രാർത്ഥന' 'അനുരക്തി'യല്ല, അനുരക്തിമൂലകമോ അനുരക്തിദ്യോതകമോ ആയ വ്യാപാരമാണ്.

ആററൂർ-വള്ളത്തോൾ ശാകുന്തളങ്ങളിലെ മുഖസന്ധിയിൽ നിന്ന് മേലെടുത്തുകാണിച്ച ഉദാഹരണങ്ങൾ കേവലം സ്ഥാലീപുലാകന്യായേനയുള്ളവയാണെന്നു പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു.

# നിയതിയുടെ നിർബ്ബന്ധം.

## (ഒരു ഏകാങ്കനാടകം.)

—പണ്ഡിതർ കരുവേലി രാമൻമേനോൻ.

കഥാപാത്രങ്ങൾ:—

1. ഗംഗാധരമേനോൻ— ഒരു ബി. എ. ഓണേഴ്സുകാരൻ യുവാവ്.
2. ശ്രീധരമേനോൻ— ഒരു വക്കീൽ, ഗംഗാധരമേനോന്റെ സ്നേഹിതൻ.
3. ഭാസ്കരമേനോൻ— ഒരു ഇൻഡസ്ട്രിയൽപ്രണയി.
4. ഗോപാലൻനായർ— വക്കീൽ ഗംഗാധരമേനോന്റെ അഛൻ.
5. ദേവകിയമ്മ— ടിയാന്റെ അമ്മ.
6. ചാമുഅയ്യൻ— ഗോപാലൻനായരുടെ കടക്കാരൻ പട്ടർ.
7. ഭാനു— ഗംഗാധരമേനോന്റെ സഹോദരി. പിന്നീട്ട ഭാസ്കരമേനോന്റെ ഭാര്യ.
8. ശങ്കരൻനായർ— ഭാസ്കരമേനോന്റെ ഒരു മിത്രം.
9. ശാരദ — ശങ്കരൻനായരുടെ മകൾ. പിന്നീട് ഗംഗാധരമേനോന്റെ ഭാര്യ.
10. വക്കീൽ ഗോപാലൻനായരുടെ കക്ഷി.

### രംഗം ൧.

സമയം—സായാഹ്നം.

സ്ഥലം— ഗംഗാധരമേനോന്റെ വായനമുറി.

(ഗംഗാധരമേനോൻ മേശമേൽ മലത്തിവെച്ചിട്ടുള്ള പുസ്തകത്തിൽ ദൃഷ്ടിയുറപ്പിച്ചുംകൊണ്ടു കസേരയിലിരിക്കുന്നു. എന്തോ ചിന്താഗതികൾ അദ്ദേഹത്തിന്റെ സമാധാനജീവിതത്തെ ക്ഷതപ്പെടുത്തുന്നുണ്ടെന്നു മുഖഭാവം തെളിയിക്കുന്നു. ആരുടേയോ കാൽപെരുമാററത്തെ ശ്രദ്ധിച്ചു മുഖംതിരിച്ചുനോക്കുന്നു.)

(കയ്യിൽ ബാററമായി ആടിയുലഞ്ഞു പുഞ്ചിരിയോടെ ഒരാൾ പ്രവേശിച്ച് അടുത്തുവന്നിട്ട്) മിസ്റ്റർ മേനോൻ, വന്ദനം!

(ഗംഗാധരമേനോൻ എഴുന്നേററ രണ്ടടി മുന്നോട്ടുവച്ച്,) അല്ലാ- ശ്രീധരമേനോ? (ചിരിച്ചുംകൊണ്ട്) ഇന്നെന്താ വഴി പിഴച്ചുപോയെന്നു തോന്നുന്നു. വരണം- (കയ്യുപിടിച്ചു കസാലയിലിരുത്തി താനും ഇരിക്കുന്നു.)

ഗംഗാ-മേ—നിങ്ങൾ ഇങ്ങോട്ടൊക്കെ അറിയുമോ? വളരെ കാലമായിട്ട് ഈ വഴിക്കുതന്നെ കാണാറില്ല. ഇന്നെന്തോ! വിശേഷിച്ചൊന്നുമില്ലല്ലൊ!

ശ്രീധര-മേ— (മന്ദഹാസത്തോടെ) വഴി പിഴക്കാതിരിക്കണമെന്നേ എനിക്കും ആഗ്രഹമുള്ളു. എപ്പൊഴും നോക്കിയാലും ഒരു പുസ്തകപ്പുഴവാണ്. അങ്ങിനെയുള്ളവരെ വെറുതെ ശല്യപ്പെടുത്തുന്നതു ശരിയല്ലെന്നു കരുതി മാത്രം! അല്ലാതെ വിശേഷിച്ചൊന്നുമില്ല.

ഗംഗാ-മേ— ശരി, അപ്പോൾ കുററം സമ്മതിക്കേണ്ടതു ഞാനായിരിക്കാം അല്ലെ? നിങ്ങളെപ്പോലെ വക്കീൽപാസ്സോ സന്നതോ ഇല്ലാത്തതുകൊണ്ട് ഞാൻ വാദിക്കാനില്ല.

ശ്രീധര-മേ—എനിക്കു സന്നതുണ്ടെന്നേ ഉള്ളു. (നീരസത്തോടെ)പ്രസംഗപീഠത്തിൽ കയറിനിന്ന് ആളുകളെ മിരട്ടാനുള്ള ഉരുട്ടും പകിട്ടും നിങ്ങൾക്കാണ്.അന്നത്തെ ഢൗ നായർസൊസൈററി മീററിംഗിനു ഞാൻ കണ്ടു. വെപ്രാളവും വെല്ലുവിളിയും! എന്തായിരുന്നു ഘോഷം. ഇക്കൂട്ടർ പ്രസംഗപീഠത്തിൽ കയറിയാൽ തനി ഹരിശ്ചന്ദ്രനോ, ധർമ്മപുത്രരോ ആണെന്നു തോന്നിപ്പോകും. പക്ഷെ, അനുഭവത്തോടടുക്കുമ്പോളാണവരുടെ ചെമ്പു പുറത്താകുന്നതു്. അതിന്നു ചില പൊതുജനപ്രതിനിധികളും, ക്ഷേത്രപ്രവേശനം, മിശ്രവിവാഹം മുതലായ വിഷയങ്ങളും! പക്ഷെ കുറുക്കന്റെ കണ്ണ് എപ്പോഴും കോഴിക്കൂട്ടിലേക്കാണ്, അതാരറിയുന്നു.

ഗംഗാ-മേ— അത്രയൊന്നും കളിയാക്കണ്ട. ഞങ്ങളെപ്പോലെ ചില ഹരിശ്ചന്ദ്രന്മാരില്ലെങ്കിൽ നിങ്ങളെപ്പോലുള്ള കാളകണ്ഠന്മാരായ ചതുർഭുജന്മാരുടെ ബി. എല്ലും. തോലുംകൂടി ജീർണ്ണിച്ചുപോകുമായിരുന്നു.

ശ്രീധര-മേ—അതു വാസ്തവമാണ്. രാജഭക്തിയും സദാചാരനിഷ്ഠയുമുള്ള ജനസഞ്ചയങ്ങളുടെ ക്ഷമയും ക്ഷേമവും സർവ്വജ്ഞപീഠത്തിന്റെ മുമ്പിൽ ബലി കഴിപ്പിച്ചു, വെറുപ്പും വിദ്വേഷവും ആവേശിപ്പിച്ച്, ധൂർത്തരും ദുർമ്മോഹികളുമാക്കിത്തീർത്തു വിപ്ലവത്തിന്നുമുന്നിട്ട് അണിനിരത്തുവാൻ വാനരംപാടികളായ നിങ്ങളുടെ മന്ത്രത്തിന്നു ശക്തിയില്ലെങ്കിൽ—

ഞങ്ങളുടെ കാൎയ്യം കുറെ പരുങ്ങലാകുമായിരുന്നു. പക്ഷെ ഇപ്പോൾ ആ ചുമതല അധികപക്ഷവും അസ്സാദികൾതന്നെ ഏററു കഴിഞ്ഞു.

ഗംഗാ-മേ—പ്രാസംഗികലോകത്തിലപൂൎവ്വം ചിലരങ്ങിനെയുണ്ടെന്നു വെച്ചു പൊതുവേ അധിക്ഷേപിക്കുന്നതു ക്ഷന്തവ്യമല്ല. എന്തുകൊണ്ടെന്നാൽ അക്രമത്തിന്നും അടിമത്വത്തിന്നും അഭയംനൽകുന്ന ദുഷ്പ്രഭുത്വത്തിൻെറ പിന്നിൽ പതുങ്ങിക്കിടക്കുന്ന പൊതുജനസഹസ്രങ്ങളുടെ പ്രത്യക്ഷവും പരോക്ഷവുമായ ആവശ്യങ്ങളേയും അവകാശങ്ങളേയും പ്രതിഫലേച്ഛകൂടാതെ ചൂണ്ടിക്കാണിക്കുകയാണു് ഒരു പ്രാസംഗികൻെറ പ്രയത്നംകൊണ്ടുദ്ദേശിക്കുന്നതു്. അല്ലാതെ നിങ്ങളെപ്പോലെ അനാവശ്യവും ആപൽക്കരവുമായ അവകാശവാദത്തിലൂടെ സാധുക്കളെ വലിച്ചിഴച്ചു ശ്വാസംമുട്ടിക്കുന്ന സ്വാൎത്ഥതയല്ല—ഒന്നാലോചിക്കു. അഭിഭാഷകരായ ചെണ്ടകൾ ക്ഷമാശീലരല്ലെങ്കിൽ കൊട്ടുകാരൻെറ ഗതിയെന്താണു്!

ശ്രീധര-മേ—നിങ്ങൾ അത്തരക്കാരനല്ലായിരിക്കാം. പക്ഷെ ചില പൊതുകാൎയ്യപ്രസക്തരെന്നഭിമാനിക്കുന്നവരുടെ ബീഭത്സരൂപം എൻെറ കണ്ണിൽനിന്നു മായാതിരിക്കുമ്പോൾ ഞാനതെങ്ങിനെ സമ്മതിക്കാം. അച്ഛനും ഇതിലൊക്കെ കച്ചകെട്ടിയിറങ്ങിയ ആളല്ലെ (പുഞ്ചിരിയോടെ) അതുംകൂടി ആലോചിച്ചിട്ടു പറയണേ?—ആവട്ടെ അച്ഛനെവിടെ?

ഗംഗാ മേ—എന്തോ കാൎയ്യത്തിനായി പുറത്തുപോയിരിക്കുന്നു.

ശ്രീധര-മേ—അമ്മക്കു വിശേഷമൊന്നുമില്ലല്ലോ? ഇന്നെവിടെ? കുറച്ചു ശകാരം കേൾക്കാഞ്ഞിട്ടൊരു സുഖമില്ല.

ഗംഗാ-മേ—ഇപ്പോൾ വിശേഷമൊന്നുമില്ല. എന്തോ! ജോലിത്തിരക്കായിരിക്കാം.

ശ്രീധര-മേ—ഗംഗാ, ഓണേഴ്സു പാസ്സായിട്ടു നാളെത്രയായി? ഉദ്യോഗത്തിനൊന്നും ശ്രമിച്ചില്ലേ?

ഗംഗാ-മേ—ശ്രമത്തിനൊന്നും കുറവില്ല. (വെറുപ്പോടെ) ഇപ്പോഴത്തെ ഉദ്യോഗപദവിയിലേക്കുള്ള പാസ്സ് ഇതൊന്നുമല്ലത്രെ. അതൊന്നും എനിക്കില്ലതാനും. നിങ്ങൾ പറഞ്ഞപോലെ ഇനി വല്ല പ്രസംഗപീഠങ്ങളിലും കയറി മുറവിളികൂട്ടുകയേ നിവൃത്തിയുള്ളു. തലയിലെഴുത്തു് ഹാജരാക്കിയാൽ പിന്നെ മിണ്ടിപ്പോകരുതെന്നാണു ദൈവവിധി; എന്തുചെയ്യാം.

ശ്രീധര—(ചിരിച്ചുംകൊണ്ടു) പരമാൎത്ഥമാണതു്. കോളേജിൽ പ്രൊഫസർജോലി കിട്ടാമെന്നുവെച്ചിട്ടുണ്ടെന്നു കേട്ടുവല്ലോ? അതെന്തായി?

ഗംഗാ-മേ—പ്രിൻസിപ്പാളുടെ ആ ഖരാറപ്രകാരമാണു ഞാൻ ഓണേഴ്സിന്നു പഠിക്കാൻ തീൎച്ചയാക്കിയതു്. പക്ഷേ ഞാനാപരീക്ഷയിൽ മാത്രമേ വിജയിയായുള്ളു, അതുകൊണ്ടതിനു വേറെ ആളെ നിയമിക്കേണ്ടിവന്നു.

ശ്രീധര-മേ—ഇനിയെന്താ ഭാവം?

ഗംഗാ-മേ—ഒന്നും തീൎച്ചമാനിച്ചിട്ടില്ല.

ശ്രീധര-മേ—എല്ലാം ശരിതന്നെ. നമ്മളുടെ കാൎയ്യം ഇതിലും കഷ്ടമാണു്. വെറുതെ വലിയ പേരുംപറഞ്ഞു വേഷംകെട്ടി നടക്കാമെന്നല്ലാതെ ഒരു വിശേഷവുമില്ല.

ഗംഗാ-മേ—ഇപ്പോളെങ്ങോട്ടാണു കളിക്കുട്ടന്റെ പുറപ്പാടു്. ബാററും മററുമുണ്ടല്ലോ?

ശ്രീധര-മേ—കോളേജിൽ ഇപ്പോൾ പുതിയതായൊരു കോർട്ടു് ഓപ്പൺ ചെയ്തിട്ടുണ്ടു്. ഇന്നവിടെ കളിക്കാൻ ചെല്ലാമെന്നു ഞാനേററിരുന്നു, ഗംഗാ വരുന്നുവോ?

ഗംഗാ-മേ—ഇല്ല. ഇന്നു് സ്വല്പം ജോലിയുള്ളതുകൊണ്ടു താങ്കളുടെ ക്ഷണനം സ്വീകരിക്കാൻ നിവൃത്തിയില്ല. നിങ്ങൾക്കീ ചട്ടകംകോരിക്കളിയിലുള്ള ഭ്രാന്തു് ഒരു തീരാവ്യാധിയാണു്.

ശ്രീധര-മേ—അത്രയൊന്നുമില്ല. പകലിന്റെ അധികഭാഗവും അപാരവ്യാപാരങ്ങൾക്കു വിധേയമാകുന്ന മനസ്സിന്റെ ഒരു വിനോദത്തിനും ആയാസത്തിന്നും വേണ്ടി മാത്രമേ ഈ സന്ദൎഭം ഞാൻ വിനിയോഗിക്കാറുള്ളു. (ഗംഗാധരമേനോനെ നോക്കീട്ടു് ഈൎഷ്യയോടെ) അല്ലാതെ പുസ്തകം കരണ്ടു തലച്ചോറ പുണ്ണാക്കുന്ന നിങ്ങൾക്കതിലിഷ്ടമില്ലെന്നുവെച്ചു ദൂഷ്യാരോപംചെയ്യണമെന്നുണ്ടോ?

(ജ്യേഷ്ഠാ! ഞാനിന്നു മുത്തുകൊണ്ടൊരു ബാഗ് തുന്നീട്ടുണ്ടു്. ജ്യേഷ്ഠനു കാണണ്ടേ? എന്നു് ഉറക്കെ ചോദിച്ചുംകൊണ്ടു അനുജത്തി ഭാനു ഓടിവരുന്നു.)

ഗംഗാ-മേ—ഭാനു! കൊണ്ടുവരൂ; നോക്കട്ടെ. (ഭാനു ബാഗ് കയ്യിൽ കൊടുക്കുന്നു. സൂക്ഷിച്ചു നോക്കീട്ടു ഭാനുവിനോടു) മിടുക്കത്തി! വളരെ നന്നായിട്ടുണ്ടു്. (ശ്രീധരമേനോനോടു) ഭാനുവിനു് ഇതിനൊക്കെ വളരെ വാസനയാണു്. നോക്കൂ! (കൊടുക്കുന്നു.) ഭാനു അധോമുഖിയായി നില്ക്കുന്നു.

ശ്രീധര-മേ—(സൂക്ഷിച്ചു വീണ്ടും നോക്കിട്ടു്) വളരെ ഭംഗിയായിട്ടുണ്ടു്.

ഗംഗാ-മേ—(ഭാനുവിനോടു്) അനുജത്തി, (ചൂണ്ടിക്കാണിച്ചിട്ടു്) ഈ ഇരിക്കുന്ന ആളെ അറിയുമോ?

ഭാനു—(തല പൊക്കിനോക്കീട്ടു്) ആ- ഹാ! അന്നെനിക്കു ഗാന്ധിയുടെ പടം കൊണ്ടുവന്നുതരാമെന്നു പറഞ്ഞു പാട്ടുപാടിച്ച ആളല്ലെ ഇതു്. കൊച്ചുകുട്ടികളെ പററിക്കാൻ നല്ല മിടുക്കനൊണു്. ഇന്നു ഞാൻ വിടില്ല. (രണ്ടുപേരും ഉറക്കെ ചിരിക്കുന്നു.) (എന്നു പറഞ്ഞുംകൊണ്ടു മുന്നോട്ടു ചാടി ബാററിനു പിടികൂടുന്നു. ബാററു് കയ്യിലാക്കീട്ടു് ശ്രീധരമേനോനോടു) എനിക്കു പടംതരാതെ ഞാനീ ബാററ തരില്ല. (ബാററുംകൊണ്ടു് അകത്തേക്കു് ഓടുന്നു.)

ശ്രീധര-മേ—ഭാനു മിടുക്കത്തിയാണു്. (ബാഗു് നോക്കീട്ടു) ചിത്രവേലയിലുള്ള സാമത്ഥ്യം ഒന്നു വേറെതന്നെ. അന്നത്തെ പാട്ടു ഞാനിപ്പോഴും ഓക്കുന്നുണ്ടു്.

ഗംഗാ-മേ—(ചിരിച്ചുംകൊണ്ടു്) ഇപ്പോഠം പററിയില്ലേ? കയ്യിൽ കിട്ടിയതുംകൊണ്ടു് ആഠം ഓടിക്കളഞ്ഞു. ഇന്നത്തെ കളി ഒന്നു കാണട്ടെ! ഇന്നെന്താ തനിയെ പുറപ്പെട്ടതു്. ഇങ്ങിനെ പതിവില്ലല്ലോ!

ശ്രീധര-മേ—ഒന്നുമില്ല. നമ്മുടെ ഭാസ്കരമേനോൻ താങ്കളെ കണ്ടിട്ടു പ്രത്യേക കായ്യമുണ്ടെന്നും ഇവിടെ കാത്തിരിക്കാമെന്നും പറഞ്ഞിരുന്നു. ഇവിടെ വന്നിരുന്നുവോ?

ഗംഗാ-മേ—ഏതു ഭാസ്കരമേനോൻ?

ശ്രീധര-മേ—ആ നെയ്ത്തുകാരൻ—ഒരു പുതിയ ഗാന്ധി. അറിയില്ലേ!

ഗംഗാ-മേ—ഓ-ഹോ—അയാളോ! വന്നിരുന്നു. തീരെ രസമില്ലാതെയാണിവിടെനിന്നു പോയതു്. എനിക്കാ ജന്തുവിനെ വല്ലവിധവും ഒഴിച്ചുവിട്ടാൽ മതിയെന്നായി. (ദ്വേഷ്യത്തോടെ) ശുദ്ധ വികൃതി. കൂസൽകൂടാതെ കയറിവന്നു തോന്നീതു പറയുകതന്നെ. (പുരികം ചുളിക്കീട്ടു്) എനിക്കെന്തൊക്കെയോ തോന്നി. പക്ഷേ ഒന്നും സമ്മാനിക്കാതെ പറഞ്ഞയക്കാൻ കഴിഞ്ഞതു ഭാഗ്യം.

ശ്രീധര-മേ—(തലയാട്ടിക്കൊണ്ടു്) ഭേഷ്, ഭേഷ്. ഇത്ര ശുണ്ഠികടിക്കാൻ മാത്രം അയാളെന്താണു കുസൃതി കാണിച്ചതു്. വെറുതെയല്ല. ആ ദ്വേഷ്യമാണല്ലേ നമ്മോടു പ്രയോഗിച്ചതു്. ആട്ടെ, ആ വിദ്വാൻ എന്തിനാ വന്നതു്?

ഗംഗാ-മേ—ഏയ് മറെറാന്നുമല്ല. (ശാന്തസ്വരത്തിൽ) അയാഠംക്കു്

അ നെയ്ത്തുസ്കൂളിൽവെച്ച് എന്റെ ഒരു പ്രസംഗം വേണമത്രെ എനിക്കു സ്വതേതന്നെ ഈവക തൊഴിലുകളോടു തീരെ വെറുപ്പാണ്. സാധിക്കില്ലെന്നു പറഞ്ഞപ്പോൾ വലിയ ദ്വേഷ്യവും വകുപ്പുമൊക്കെയായി. ആ ദ്വേഷ്യത്തോടെ ഞാനെന്തൊക്കെയോ പറഞ്ഞു. അയാൾ ചാടി തുള്ളി പോകയും ചെയ്തു (ഉച്ചസ്വരത്തിൽ) വെറും ഭ്രാന്ത്. ആ ഒരു നേരംപോക്കു കേൾക്കണ്ടേ? നമ്മുടെ ഭാനുവിനും പിടിച്ചു കമ്പം. ഇൻഡസ്ട്രിയൽ പഠിക്കാൻ പോണമത്രെ! ഞാൻ കുറെ കളിയാക്കി. കൂട്ടുകാരത്തി പിണങ്ങി അകത്തേക്ക് ഓടിക്കളഞ്ഞു.

ശ്രീധര-മേ—അപ്പോൾ, ഭാസ്കരമേനോൻ മുഷിഞ്ഞുപോയി! അല്ലേ? (കുറച്ചൊരു നീരസത്തോടെ) ഏതായാലും അയാളെ വെറുപ്പിച്ചയച്ചതു നന്നായില്ല. കുറച്ചൊരു വിദ്യാഭ്യാസവും, വിനയവും, പരിശ്രമശീലവുമുള്ള നല്ലൊരു മര്യാദക്കാരനാണയാൾ.

ഗംഗാ-മേ—(വെറുപ്പോടെ) ഓ എനിക്കു കേൾക്കണ്ട. വെറും കുലസംസർഗ്ഗത്തിൽ കൂത്താടുന്ന ആ വഷളൻ പ്രമാണിയുടെ മഹത്വം.

ശ്രീധര-മേ—അത് താങ്കളുടെ ഒരു വെറും തെററിദ്ധാരണ മാത്രമാണ്. സ്വന്തം കാര്യം എന്തുചെയ്തും നേടുവാനുള്ള ഉത്സാഹശീലം അയാളുടെ ഒരുത്തമഗുണമാണ്. സ്നേഹിച്ചവൎക്കുവേണ്ടി ജീവത്യാഗം ചെയ്വാനും അയാൾക്കു മടിയില്ല.

ഗംഗാ-മേ—സ്വന്തംകാര്യത്തിന്നു മതിയാവാത്തവരാരാണ്. (പുച്ഛരഭാവത്തോടെ) താങ്കൾക്ക് വല്ല സഹായവും ചെയ്തിട്ടുണ്ടായിരിക്കാം.

ശ്രീധര-മേ—ഛീ. അതല്ല ഞാൻ പറഞ്ഞതിന്റെ താല്പര്യം. ഉൽക്കർഷേച്ഛയും ഉത്സാഹശീലവുമാണ് മനുഷ്യത്വത്തിന്റെ മഹത്വം. അതു തികച്ചും അയാൾക്കുണ്ട്. സ്കൂൾഫൈനൽ പാസ്സായശേഷം ഉദ്യോഗലാഭത്തിന്നുള്ള മാർഗ്ഗം അത്ര സുഗമമല്ലെന്നു കണ്ടിട്ടാണയാൾ ഈ ഇൻഡസ്ട്രിയലിൽ അശ്രാന്തപരിശ്രമം ചെയ്വാൻ ഒരുമ്പെട്ടത്. ഇപ്പോൾ സ്വതന്ത്രമായ സ്വപ്രയത്നംകൊണ്ടു സ്വല്പമൊരു സമ്പാദ്യവും നാട്ടുകാൎക്കൊരു തൊഴിലുമായി. അതുകൊണ്ടും അയാൾ തൃപ്തിപ്പെടുന്നില്ല. ഇതെല്ലാം ആരെയെങ്കിലും ചുമതലപ്പെടുത്തി ചെറിയൊരു സൎക്കീട്ടു ചെയ്ത് എവിടെയെങ്കിലും ഒരു കമ്പനി സ്ഥാപിക്കാനാണ് ഇനിയത്തെ ശ്രമം.

ഗംഗാ-മേ—ഇയാളെ കുറച്ചുനാൾ ഇപ്പഴത്തെ പുതിയ കമ്പനിക്കാരുടെ വേഷത്തിൽ കണ്ടുവല്ലോ? പാവം. അവററതന്നെ പൊളിഞ്ഞ

പാപ്പരാണ്. മുകളിൽ മിന്നികണ്ടെപ്പോഴം അടിയിൽ പൊന്നുണ്ടെന്നാണ് ആളുകളുടെ ഭാവം. ഈ തിയ്യിൻെറ മങ്ങിയ വെളിച്ചംകണ്ടു് എത്ര ഈയ്യാംപാററകളാണ ജീവിതം ബലികഴിക്കുന്നതു്. ചട്ടിത്തൊപ്പിയും മുട്ടസ്സ്രാങ്കിയുമായി പട്ടിണിപ്പട്ടാളത്തിൽപെട്ടു് നട്ടംതിരിയുന്ന അവററയുടെ ഭാവമോ? കാണേണ്ടതുതന്നെ.

ശ്രീധര-മേ—വാസ്തവമാണതു്. അതിൽ ഗുണമില്ലെന്നുകണ്ടിട്ടാണ് ഈ വഴിക്കു് തിരിഞ്ഞതു്.

ഗംഗാ-മേ—അതു് അതിലും വിശേഷം. ചെട്ടികളുടെ വായിൽ മണ്ണിടാൻ! (വെറുപ്പോടെ) ഇത്രയും വൃത്തികെട്ട തൊഴിൽ!

ശ്രീധര-മേ—അതു് നിങ്ങഠം പറയുന്നതു വലിയ കഷ്ടമാണ്. എൻെറ അഭിപ്രായം ഇത്രയും സ്വാതന്ത്ര്യവും ഉൽകൃഷ്ടവുമായ തൊഴിൽ മററൊന്നുമില്ലെന്നാണ്.

ഗംഗാ-മേ (പുഛഭാവത്തിൽ) കൊള്ളാം. നല്ല അഭിപ്രായമാണ്. ലോകത്തിൽ നിരക്ഷരത്വത്തിനും വൃത്തിഹീനതക്കും സങ്കേതമായ ഒരു തെമ്മാടിക്കൂത്തരംഗാണ് ഇന്നത്തെ ഈ സ്ഥാപനം.

ശ്രീധര-മേ—ഇപ്രകാരമൊരു മിത്ഥ്യാപവാദം അതിൻെറ മേൽ വെച്ചുകെട്ടുന്നതിൽ താങ്കഠം ലജ്ജിക്കാത്തതിലാണെനിക്കത്ഭുതം. എന്തെന്നാൽ ലോകത്തിൻെറ ആലോകമെത്താത്ത ഏതൊരൊളിഞ്ഞ മൂലയിലും അടിമത്വത്തിനെ ആട്ടിയോടിക്കാൻ അരയും തലയും മുറുക്കി സ്വാതന്ത്ര്യലബ്ധിക്കായി ധീരധീരം പോരാടുവാൻ അപരിഷ്കൃതർപോലും കച്ചകെട്ടിപ്പുറപ്പെടുന്ന ഇത്തരുണത്തിൽ, നിങ്ങളെപ്പോലെ പരിഷ്കൃതരിലീവിധമുള്ള സങ്കുചിതമനോഭാവം അടിയുറച്ചതാണതിനു പ്രതിഘാതമായിട്ടുള്ളതു്.

ഗംഗാ-മേ—(മൂക്കിൽ വിരൽവച്ചിട്ടു്) സ്വേഛാധികാരത്തെ തച്ചുടക്കാനുള്ള സ്വാതന്ത്ര്യസമരൻെറ ആയുധങ്ങഠം, നൂലുനൂല്ക്കലോ, കൊട്ടനെയ്യലൊ, വട്ടിതുന്നലൊ, മുണ്ടുനെയ്യലൊ ആണെന്നു പറയുന്നതിൽപരം വിഡ്ഢിത്തം മററൊന്നുമില്ല. എന്നാൽ ഇത്രയൊന്നും പാടുപെടേണ്ടതില്ല. ഇൻഡ്യാരാജ്യം കട്ടക്കൊരു ഇൻഡസ്ട്റിയിൽശാലയും, കുറെ നിരക്ഷരകുക്ഷികളായ തൊഴിലാളികളും മാത്രം മതിയായിരുന്നു. (ചിരിച്ചുംകൊണ്ടു്) കേമമായി എളുപ്പം കഴിഞ്ഞു കാര്യം.

ശ്രീധര. മേ— അതല്ല, ഞാൻ പറഞ്ഞതിൻെറ താല്പര്യം. ഏതൊരെളിയ കോണിലുമുള്ള മനുഷ്യപ്രയത്നത്തിൻെറ പ്രധാന ലക്ഷ്യം ധ

നസമ്പാദനമാണു്. അതിലാണു ലോകത്തിൻെറ വിലയും നിലയും. ആയുസ്സും ആരോഗ്യവും അന്യനുവേണ്ടി അടിയറവക്കാതെ സുഖവും സമാധാനവുമായി അതു സമ്പാദിച്ചു സ്വരാജ്യസേവനം ചെയ്യാവുന്നതാണു കുടിൽവ്യവസായം. തന്നെയല്ല, അടിമത്വത്തെ ബഹിഷ്ക്കരിച്ചു സഹിഷ്ണുതയും സ്വാതന്ത്ര്യബോധവുംകൊണ്ടു മനസ്സിനെ പരിഷ്ക്കരിക്കാനും കൈത്തൊഴിൽപോലെ സുഖസാദ്ധ്യമായതു മററൊന്നുമില്ല. സ്വാതന്ത്ര്യസമരത്തിൻെറ ഉത്തമ ആയുധം സംഘടനയാണു്. അതു കൈത്തൊഴിലിൻെറ ആദർശവുമാണു്.

ഗംഗാ- മേ—നിങ്ങളുടെ ഈ പ്രസംഗത്തിനു പററിയ ഗുണമൊന്നും ഞാനതിൽ കാണുന്നില്ല.

ശ്രീധര. മേ—ഗുണമില്ലെന്നോ! ചുരുങ്ങിയ പത്തു കൊല്ലങ്ങൾക്കിപ്പുറമുള്ള നമ്മുടെ അനുഭവത്തിലേക്കു മാത്രം ഒന്നു കണ്ണോടിച്ചു നോക്കുക. ശീമച്ചരക്കുകൾ കൊല്ലംതോറും കോടിക്കണക്കിനു കൊള്ള ചെയ്യിരുന്ന ഈ രാജ്യങ്ങളിൽനിന്നും ഇപ്പോഴത്തെ അവരുടെ വരുമാനം എത്ര നിസ്സാരമാണു്. അതിനു കാരണം മഹാത്മാ മുതലായ മഹാശയന്മാരുടെ ഔദാര്യമല്ലെങ്കിൽ മററെന്താണു്. വേലയില്ലാതലയുന്ന എത്ര ലക്ഷം ദരിദ്രനാരായണന്മാരിതുമൂലം സമ്പന്നരും സ്വരാജ്യസ്നേഹികളുമായിത്തീൎന്നിട്ടുണ്ടു്. ഇതൊന്നും ഈ വ്യവസായത്തിൻെറ ഗുണങ്ങളല്ലെന്നോ! ഇതൊന്നും നിങ്ങളുടെ ബകദ്ധ്യാനത്തിൽ പെടാത്തതു് അത്ഭുതം തന്നെ.

ഗംഗാ- മേ—എന്തെങ്കിലുമാവട്ടെ, നാമെന്തിനു വെറുതെ വഴക്കുകൂട്ടുന്നു. ഞാൻ തോററു—എന്നാൽ പോരേ? ഇന്നത്തെ വരവു കണ്ടപ്പോൾതന്നെ വ: മുകൈന്തെങ്കിലും സമ്പാദ്യമുണ്ടാകുമെന്നു ഞാൻ കരുതി. കാൎയ്യം കണക്കിനു കലാശിച്ചു.

ശ്രീധര- മേ—എയ്യ് അതൊന്നുമില്ല. (ചിരിച്ചുംകൊണ്ടു്) ഒരു നേരമ്പോക്കൊക്കെ വേണ്ടേ? (നാലുപാട്ടും നോക്കീട്ടു്) ഓ. നേരം വളരെ അതിക്രമിച്ചു. ഞാൻ വെറുതെ നിങ്ങളെ ബുദ്ധിമുട്ടിച്ചു. (പുരികം ചുളിക്കിക്കൊണ്ടു) ക്ഷമിക്കണേ? ഇതാണു ഞാനിങ്ങോട്ടൊന്നും വരാത്തതു്. (എഴുന്നേൽക്കുന്നു.)

ഗംഗാ- മേ—എഴുന്നേററിട്ടു്; അതു പറഞ്ഞാൽ പിന്നെ ഭാരമില്ലല്ലൊ? പ്രസംഗിച്ചു് ആളു് ക്ഷീണിച്ചുവോ! ഏതായാലും കുറച്ചു തറവാട്ടുകാ

പ്പി കുടിച്ചിട്ടു പോകാം. വരു. (കൈയ്ക്കു പിടിക്കുന്നു. രണ്ടു പേരും അകത്തേക്കു പോകുന്നു.)

കർട്ടൻ വീഴുന്നു.

## രംഗം ൨.

സ്ഥലം—മരതകക്കെട്ടിൽ വീടിൻെറ പൂമുഖം.

സമയം—കാലത്ത് എട്ടുമണി.

(വക്കീൽ ഗോപാലൻ നായർ വർത്തമാനക്കടലാസ്സും നോക്കിക്കൊണ്ടു ചാരുകസാലയിൽ മലൻനുകിടക്കുന്നു. 'എന്തൊരു ഗ്രഹപ്പിഴയാണീശ്വരാ, എൻെറ തലയിലെഴുത്തീവിധമായല്ലൊ'—എന്നു പറഞ്ഞു തലയിൽ കയ്യും വച്ചുകൊണ്ടു ദേവകി അമ്മ പ്രവേശിക്കുന്നു.)

വക്കീൽ—(പതുക്കെ) ഓ തുടങ്ങി. ഇതൊരു സൊല്ലയായിത്തീൎന്നു. (പ്രകാശം) എന്താണതു ?

(ദേവകി അമ്മ അടുത്തു വന്നു ഭർത്താവിനെ നോക്കീട്ടു നിരസത്തോടെ) ഒന്നുമില്ല. ഇങ്ങിനെ കടലാസ്സും നോക്കിക്കൊണ്ടു കിടന്നാൽ ഒന്നും അറിയേണ്ടല്ലോ? ഈയുള്ളവൾക്കല്ലെ സ്വൈരമില്ലാത്തതു്!

വക്കീൽ—എന്താണിത്ര സ്വൈരക്കേട്. കാൎയ്യം പറയൂ. (കടലാസ്സ് മേശമേൽവച്ച് എണീററിരിക്കുന്നു.)

ദേവകിയമ്മ—(വെറുപ്പോടെ) പറഞ്ഞിട്ടെന്താ കാൎയ്യം. ഇന്നു കുട്ടിക്കു ഫീസ്സ് കൊടുക്കേണ്ട ദിവസമാണ്. എന്താ ചെയ്യണെ. വല്ലവിധവും ഇക്കൊല്ലവുംകൂടി കഴിഞ്ഞാൽ പത്താംക്ലാസ്സുവരെയെങ്കിലും പഠിപ്പിച്ചെന്നു വിചാരിക്കാമായിരുന്നു.

വക്കീൽ—അതിനു ഞാനിപ്പോളെന്തു ചെയ്യണം! എനി ഇനിക്കാരും കടവുംകൂടി തരില്ല. (വ്യസനഭാവത്തോടെ ദേവകിയമ്മയെ നോക്കുന്നു.)

ദേവകി അമ്മ—(സ്വല്പം ദേഷ്യത്തോടെ) എന്നാൽ മകളെ പഠിപ്പിക്കേണ്ടെന്നുവക്കാമായിരുന്നില്ലെ. അവൾക്കാണെങ്കിൽ വല്ല നെയ്ത്തോതുന്നലോ പഠിക്കാനാണു മോഹവും. അതിനു വലിയ ഭ്രഷ്ടുണ്ടത്രെ? ഉണ്ടായിരുന്നതെല്ലാം വിററും പണയമെഴുതിയും ഒരാളെ പഠിപ്പിച്ചു. എന്നിട്ടെന്താകാൎയ്യമുണ്ടായതു്. അഭിമാനത്തിൻെറ അനുഭവമാണിതെല്ലാം. (ദുഃഖത്തോടെ) പാവം ആ കുട്ടി! എത്രമാത്രം കഷ്ടപ്പെട്ടു. ഉദ്യോഗത്തിനു വേണ്ടി എവിടെയെല്ലാം അലഞ്ഞുനടന്നു. ഒടുവിൽ ഒരു ഗതിയും ഇല്ലാതെ ഭ്രാന്തനെപ്പോലെ നാടുവിട്ടുപോകയും ചെയ്തു. അ

ന്നു ഞാനെത്ര പറഞ്ഞു പത്താംക്ലാസ്സ് പാസ്സായിക്കഴിഞ്ഞപ്പോൾ! അന്നായിരുന്നെങ്കിൽ വല്ല ഗ്രാൻറ് സ്കൂളിലെങ്കിലും വല്ല ജോലിയും കിട്ടിയേനെ—അപ്പോൾ മകനെ വെള്ളക്കാരനാക്കാനായിരുന്നു മോഹം.

വക്കീൽ—കഴിഞ്ഞ കഥയൊക്കെ പറഞ്ഞു പരിഭവിച്ചിട്ട് ഇനി പ്രയോജനമെന്താണ്! ഞാനിതൊന്നും കരുതിയല്ലല്ലോ പഠിപ്പിച്ചതു്. എല്ലാററിനും ഈശ്വരനുണ്ട്.

ദേവകി അമ്മ—(നീരസത്തോടെ) ഉവ്വ്. അതും പറഞ്ഞിരുന്നാൽ ഈശ്വരൻ തന്നുകൊള്ളും. ജോലിയൊന്നും ചെയ്യണ്ട.

വക്കീൽ—ഇതൊക്കെ കരുതിയാണ് ആ മുൻസിപ്പൽ എലക്ഷനു നിന്നതു്. എന്നാലെൻെറ കുട്ടിക്കിങ്ങിനെ അലയേണ്ടി വരില്ലായിരുന്നു. എന്തു ചെയ്യാം! നമ്മുടെ ഭാഗ്യദോഷം.

ദേവകി അമ്മ—ഓ. ഒരിടക്ക് ആ ഒരു ഭ്രാന്തു് മുഴുത്തതിനു ബാക്കിയുണ്ടായിരുന്നതും തുലഞ്ഞു. (ഈൎഷ്യയോടെ) ഇപ്പോൾ ഒരിടത്തിരിക്കാറായി. (കരഞ്ഞുംകൊണ്ട്) ഈശ്വരാ! എൻെറ കുട്ടി എവിടെ കിടന്നു കഷ്ടപ്പെടുന്നുവോ ആവോ! (തലക്കു കയ്യുംകൊടുത്തു് ഇരിക്കുന്നു.)

വക്കീൽ (ശാന്തസ്വരത്തിൽ)ദേവകി വ്യസനിക്കാതിരിക്കു. വരാനുള്ളതെല്ലാം വന്നേ തീരു. അതിൽ മനസ്സാപപ്പെടുന്നതു ധൎമ്മമല്ല. ഒരു കാലത്തു നമ്മുടെ ബുദ്ധിമുട്ടുകളെല്ലാം തീരും.

ദേവകിഅമ്മ—(കണ്ണീർ തുടച്ചുംകൊണ്ട്) ആട്ടെ. ഇനി ചിലവിനെന്താ വഴി. പീടികക്കാരൻ സാമാനം കൊടുത്തയച്ചിട്ടില്ല. അയാൾ പണത്തിനു് എപ്പോഴും ബുദ്ധിമുട്ടിക്കുന്നു.

വക്കീൽ—കണക്കുപ്രകാരം എന്തുണ്ടെന്നാണ് പറഞ്ഞതു്.

ദേവകിഅമ്മ— ഇരുന്നൂറിൽചില്വാനം വരുമത്രെ? അയാൾക്ക് ഉടനെ പണം കിട്ടണം അല്ലെങ്കിൽ അന്യായം കൊടുക്കുമെന്നു പറഞ്ഞാണ് പോയിരിക്കുന്നതു്.

വക്കീൽ—കുട്ടനുംകൂടി എന്തെങ്കിലുമൊരു വഴിയുണ്ടായിരുന്നെങ്കിൽ നമ്മുടെ കഷ്ടപ്പാടു തീൎന്നേനേ.

ഭാൎയ്യ—ഉദ്യോഗം വഴിയിൽ കിടന്നു കിട്ടുന്നമെന്നാണോ പറയുന്നതു്. (പരിഭവത്തോടെ) ആരോടെങ്കിലും ഒരു ശിപാൎശി ചെയ്യാൻ പറഞ്ഞാൽ അതു വലിയ പോരായ്മയാണത്രെ?

വക്കീൽ— എരിയുന്ന തീയ്യിൽ എണ്ണയൊഴിക്കയാണ് ഇതു്! (ഈർഷ്യയോടെ) ഞാൻ ആരോടു ശുപാർശിചെയ്യാനാണ്. പണ്ടത്തേക്കാലമൊന്നുമല്ല ഇതു്. അന്നൊക്കെ നിഗ്രഹത്തിനായാലും അനുഗ്രഹത്തിനായാലും ഏതെങ്കിലും ഒരു ദൈവത്തിനെ ആശ്രയിച്ചാൽ മതിയായിരുന്നു. ഇന്നാണെങ്കിൽ ത്രിമൂർത്തികളെ ഒന്നിച്ചു പഠിച്ചു സേവിച്ചാലും പ്രയോജനമൊന്നുമില്ല. വല്ല എം. എൽ. സി.യോ മററോ ആയിരുന്നെങ്കിൽ കേൾക്കാനാരുമില്ലെങ്കിലും എന്തെങ്കിലും പറകയെങ്കിലും ചെയ്യാമായിരുന്നു.

ഭാര്യ— അതോ ഇങ്ങിനെയായി. ഭാനുവിനെങ്കിലും സാമാന്യംപോലെ ഒരാളായിരുന്നെങ്കിൽ മതിയായിരുന്നല്ലോ! ആ ഭാസ്കരമേനോൻ എത്ര സാധു. എന്തു മര്യാദക്കാരനാണ്. കുറച്ചൊക്കെ സമ്പാദ്യവുമുണ്ട്. കാഴ്ചയിൽ സുന്ദരൻ. ഭാനുവും അയാളുമായിട്ട് എത്ര സ്നേഹമായിരുന്നു. അയാൾക്കു പണവും പാസ്സും പോരത്രെ!

വക്കീൽ- (വെറുപ്പോടെ) ദേവകി പറയുന്നതൊന്നും എനിക്കു മനസ്സിലാകുന്നില്ല. നമുക്ക് ഒരു സന്തതിയല്ലെ ഉള്ളൂ. സാമാന്യം ഭേദപ്പെട്ട ഒരാൾക്കല്ലാതെ വല്ല ചണ്ടികൾക്കൊക്കെ അവളെ പിടിച്ചു കൊടുക്കുകയോ! ദാമ്പത്യമെന്നതു പഴയ കാലങ്ങളിലെപ്പോലെ അത്ര അർത്ഥശൂന്യമാണോ? എന്നുവെച്ചു കല്യാണച്ചന്തയിൽ കൂടുതൽ വിലയ്ക്കു വില്ക്കണമെന്നല്ല താല്പര്യം. അവൾ ഇപ്പോൾ പഠിക്കുന്ന കുട്ടിയല്ലെ? ധൃതിപ്പെടാനൊന്നുമില്ല.

ഭാര്യ— അതെ. അതെ. എന്നും കുട്ടിയാണെന്നു പറഞ്ഞു വച്ചുംകൊണ്ടിരുന്നോളൂ. ഞാനൊന്നും പറയുന്നില്ല. (വെറുപ്പോടെ) കേട്ടില്ലെ! കമലത്തിൻെറ കഥ. ചേട്ടകൾ! ജാതിയോ മതമോ, നാണമോ മാനമോ ഒന്നുമില്ല. ഏതു ചണ്ടിചണ്ഡാളന്മാരായാലും വേണ്ടില്ല. സമ്മതിച്ചില്ലെങ്കിൽ ഇറങ്ങിപ്പോവും, എൻറപ്പാ എന്തൊരു കാലമാണിതു്. ഞാനിതൊന്നും കേട്ടിട്ടില്ല. ഒരു കൂട്ടം മൂധേവികൾ കാട്ടിക്കൂട്ടുന്ന വഷളത്തരങ്ങൾ! സ്ത്രീസ്വാതന്ത്ര്യം മൂത്തുമുരടിച്ച കാലമാണിതു്. എന്തൊ! ഞാനൊന്നും അറിഞ്ഞില്ല; ഇനി ഒന്നും കേൾക്കാതെ മരിച്ചാൽ മതി. അവററയുടെ ഇരുപത്തെട്ടുമുഴം തുണി ചിററിയുള്ള നടപ്പും വേഷവും.

(തുടരും)

## "പൂരം."

—കെ. കെ. രാജാ.

താളവും കാലങ്ങളും മാറിക്കൊണ്ടൊരു മഹാ-
മേളമുണ്ടിരമ്പുന്നു ദിക്കെട്ടും പൊട്ടും മട്ടിൽ
നിയമപ്പൊൽച്ചങ്ങല പൊട്ടിച്ചു പലപാടും
ഭയദം തമോഗജം പായുന്നു കൂടക്കൂടെ.
പിൽപ്പുറത്തുനിന്നുള്ള തള്ളേററ നിലംപതി-
ച്ചീപ്പൂരപ്പറമ്പിലോ വന്നവക്കവസാനം!

എത്രയെത്ര നക്ഷത്രം വീണുപോയ് വിഹായസ്സി-
ലെത്ര പൊൻകിരീടങ്ങൾ തിരക്കിൽത്തകൎന്നുപോയ്.
ഐശ്വൎയ്യത്തിൻെറ യന്ത്രമൂഞ്ഞാലാടിത്തെല്ലൊ-
ന്നാശ്വസിച്ചിട്ടെന്താക്കുമതിൽനിന്നിറങ്ങണം.
ശീമമദ്യം കിട്ടുമോ? കിട്ടിയാൽക്കുടിക്കും ഞാൻ
ഈ മഹാബഹളത്തിൽസ്സുഖത്തിന്നതേ പറവൂ.
"എവിടെപ്പോയിട്ടെ"ന്നു ചോദിച്ചാൽപ്പറയുമോ
കവിളും തുടുത്തെത്തും പ്രാചിയും പ്രതീചിയും.

••••••••••••••••••••

# * ദാദാബായി നവറോജി.

—കെ. വാസന്തി.

ക്രിസ്ത്വാബ്ദം 1892-ൽ ലണ്ടനിലെ തെരുവീഥികളിൽകൂടി മഹാനായ ഒരു പാർസി നടക്കുന്നതു കാണാമായിരുന്നു. അദ്ദേഹത്തിൻെറ കറുത്ത കോട്ട് കഴുത്തുതൊട്ടു കണ്ണിക്കാലുവരെ നീണ്ടുകിടന്നിരുന്നു. ഉയൎന്നു വിസ്തൃതമായ ഫാലദേശത്തിനും ഉപരി ഒരു കറുത്ത വില്ലീസ് തൊപ്പി അണിഞ്ഞിരുന്നു. തടിച്ച പുരികക്കൊടികളുടെ താഴെ ജ്ഞാനതൃഷ്ണങ്ങളായ ചെറിയ കണ്ണുകൾ കിടന്നു തിളങ്ങിയിരുന്നു. വെൺചാമരം പോലെ നരച്ച സമൃദ്ധമായ താടിമീശയും ഉയൎന്നു പരന്ന നാസികയും ആ വാൎദ്ധക്യച്ചുളിവുകൾ നിറഞ്ഞ മുഖത്തിന്ന് ഏററവും അനുരൂപമായിരുന്നു. ആ പുരുഷൻ കടന്നുപോയിക്കഴിഞ്ഞാൽ ആരും ഒന്നു തിരിഞ്ഞുനിന്നു ചോദിക്കും: "ആരാണ് ഇദ്ദേഹം?"

അദ്ദേഹം ദാദാബായി നവറോജിയായിരുന്നു. ബ്രിട്ടീഷ് പാർലിമെണ്ടിൽ പ്രവേശിച്ച ഒന്നാമത്തെ "കറുത്ത മനുഷ്യൻ." ബ്രിട്ടീഷ് ഇന്ത്യൻ ചരിത്രത്തിൽ ഇദംപ്രഥമമായി സാമ്രാജ്യാധീശരുടെ നിയമസഭയിൽ ഇന്ത്യയുടെ പേരും പറഞ്ഞ് ഒററക്കു കയറിനിന്ന ദേശാഭിമാനി. ഭാരതവൎഷം മുഴുവൻ അന്നു കോൾമയിർക്കൊണ്ടു!

ദാദാബായിക്കു് അറിവുവെയ്ക്കുന്നതിനു മുമ്പുതന്നെ അച്ഛൻ മരിച്ചിരുന്നു. വിധവയായ അമ്മയാണ് അദ്ദേഹത്തെ വളൎത്തിക്കൊണ്ടുവന്നതു്. ദാദാബായിയുടെ ജീവിതവിജയത്തിന്നു് അദ്ദേഹം ഏററവും അധികം കടപ്പെട്ടിരിക്കുന്നതു തൻെറ വാത്സല്യനിധിയും ബുദ്ധിമതിയും ആയ അമ്മയ്ക്കാണെന്നു് അദ്ദേഹം പല കുറിയും പറഞ്ഞിട്ടുണ്ടു്. തൻെറ മകൻ എവിടേയും ഒന്നാമനാവണമെന്നു് ആ അമ്മക്കു നിൎബ്ബന്ധമായിരുന്നു. മകൻ അങ്ങനെത്തന്നെയാണു വളൎന്നുവന്നതു്. കണക്കു ചെയ്യുമ്പോൾ എന്നപോലെ ക്രിക്കററു കളിക്കുമ്പോഴും പ്രസരിപ്പുള്ള "ദാദി" ഒന്നാമനായിരുന്നു. എൽഫിൻസ്റ്റൺ കോളേജിൽ ആ അടുത്തകാലത്തെങ്ങും ഇത്ര പ്രതിഭാശാലിയായ ഒരു വിദ്യാൎത്ഥിയുണ്ടായിട്ടില്ലെന്നു പ്രസിദ്ധമായി.

"ദാദി"യുടെ കീൎത്തി അന്നത്തെ ബോംബെയിലെ ചീഫ് ജസ്ററീസ്സായ സർ എർസ്കിൻപെറിയും കേൾക്കുവാൻ സംഗതിയായി.

---

* ഇംഗ്ലീഷിൽനിന്നു സംഗ്രഹിച്ചതു്.

പ്രോത്സാഹനം അൎഹിക്കുന്നിടത്തു് അതു നൽകുവാൻ സന്നദ്ധതയുള്ള ഒരു വിശാലഹൃദയനായിരുന്നു ആ സായ്പു്. "എൽഫിൻസ്റ്ററനിലെ ഈ അത്ഭുതബാലനെ" നിയമപരീക്ഷകൾ പഠിക്കുവാൻ ശീമക്കയക്കേണ്ടതാണെന്നു് അദ്ദേഹം ഉപദേശിക്കുകയും അതിന്നു വേണ്ടിവരുന്ന ചിലവിൽ ഗണ്യമായ ഒരു പങ്കു താൻ വഹിച്ചുകൊള്ളാമെന്നു് അദ്ദേഹം ഏല്ക്കുകയും ഉണ്ടായി. പക്ഷെ, അന്നത്തെ പാർസിസമുദായത്തിലെ നായകന്മാർ അതിന്നു സമ്മതം മൂളിയില്ല. തങ്ങളുടെ സമുദായത്തിൽനിന്നു് അസാമാന്യബുദ്ധിവൈഭവത്താൽ അനുഗ്രഹീതരായ ഒന്നിലധികം ചെറുപ്പക്കാർ ആയിടക്കു ക്രിസ്തുമതം സ്വീകരിച്ചതു ഹൃദയവേദനയോടുകൂടി നോക്കിക്കണ്ട അവൎക്കു് ഈ സായ്പിന്റെ ഔദാര്യത്തേയും സംശയത്തോടുകൂടി മാത്രമേ വീക്ഷിക്കുവാൻ സാധിച്ചുള്ളു. അവരുടെ പരിശ്രമത്തിന്മേൽ ദാദാബായിക്കു് എൽഫിൻസ്റ്ററൺ കോളേജിൽതന്നെ ഒരു പ്രഫസ്സർ ഉദ്യോഗം ലഭിച്ചു. തന്റെ ജീവിതത്തിലെ ഏററവും പ്രധാനമായ ഒരു സംഭവമായിട്ടാണു ദാദാബായി ഇതിനെ ഗണിക്കാറ്. വിജയശ്രീലാളിതനായി, ഒരു മഹാരാജ്യത്തിന്റെ കനിഷ്ഠികാധിഷ്ഠിതനായ നായകനായിപ്പരിലസിക്കുമ്പോഴും, "പ്രൊഫസർ ദാദാബായി" എന്നു സംബോധനചെയ്യപ്പെടുന്നതിൽ അദ്ദേഹം ഏററവും തൃപ്തിപ്പെട്ടിരുന്നു.

ജീവിതത്തെ മുഴുവൻ രൂപവൽക്കരിക്കുന്ന ഒരു ചെറിയ സംഭവം ഉണ്ടാവുന്ന ആ പ്രായമായിരുന്നു അന്നു ദാദാബായിക്കു്. അന്നാണു് അദ്ദേഹം ക്ലാർക്സന്റെ 'അടിമക്കച്ചവടം' എന്ന പുസ്തകത്തേയും ഹൌവാർഡിന്റെ ജീവചരിത്രത്തേയും വായിച്ചതു്. പക്ഷെ നിസ്സാരമെന്നു തോന്നപ്പെടാവുന്ന ഈ ചെറിയ സംഭവങ്ങളാണു് ദാദബായി നവറോജിയുടെ ഭാവിജീവിതത്തെ മുഴുവൻ രൂപവൽക്കരിച്ചതു് എന്നു പറയാം. "കുറു നിരത്തിക്കഴിഞ്ഞു" അദ്ദേഹം പറയുന്നു "പൊതുജനസേവനമായി എന്റെ ജീവിതത്തിലെ പരമമായ ആഗ്രഹം." ഐശ്വര്യസമൃദ്ധമായ ഒരു ലോകത്തെ അന്നു അദ്ദേഹം സ്വപ്നം കണ്ടു. ഫിർഡൌസിയായിരുന്നു അന്നു് അദ്ദേഹത്തിന്റെ ആത്മസുഹൃത്തു്. യുവഹൃദയത്തിന്റെ ആശകൾ എത്ര സുന്ദരവും മഹനീയവുമാണു്!

ഇന്നത്തെപ്പോലെത്തന്നെ അന്നും ഒരദ്ധ്യാപകന്റെ ജീവിതം സ്കൂൾ പരിധികളോളംമാത്രം പരിമിതമായിരുന്നു. എന്നാൽ സാധാരണ ഒരു അദ്ധ്യാപകനായിരുന്നില്ല ദാദാബായി നവറോജി. കുത്സിതങ്ങളും

അപരിഷ്കൃതങ്ങളും ആയ അനാചാരങ്ങളാൽ നിറഞ്ഞതായിരുന്നു അന്നത്തെ പാർസി സമുദായം. അതിനെ പരിഷ്കരിച്ചു കാലോചിതവും ലോകോപകാരപ്രദവും ആക്കിത്തീർക്കുവാൻ ബദ്ധകങ്കണരും ചൊറുചൊറുക്കുള്ളവരും സമുദായസ്നേഹികളുമായ ഒരു കൂട്ടം യുവാക്കന്മാരുടെ നായകനായി അദ്ദേഹം. അവർക്കു നേരിടേണ്ടിവന്ന തടസ്സങ്ങൾ അനവധിയായിരുന്നു. എന്നാൽ ദാദാബായിയുടെ നേതൃത്വത്തിൽ അവർ അവയെ ഉശിരോടുകൂടി നേരിടുകയും ജയിക്കുകയും ചെയ്തു. പാർസിസ്ത്രീകൾ പുരുഷന്റെ അടിമകളല്ലെന്നു സ്ഥാപിക്കപ്പെട്ടു. പെൺപള്ളിക്കൂടങ്ങൾ ബോംബെയിൽ ആദ്യമായി തുറക്കപ്പെട്ടു. പാശ്ചാത്യവും പൌരസ്ത്യവുമായ സംസ്കാരങ്ങളുടെ ഗുണങ്ങൾ സങ്കരിച്ച ഒരു സംസ്കാരത്തെ അവർ സൃഷ്ടിച്ചു.

അന്നേ ഇന്ത്യയുടെ കച്ചവടനേതൃത്വം പാർസിസമുദായത്തിന്റേതായിരുന്നു. കടലിനും അപ്പുറത്തു തങ്ങളുടെ കമ്പനിയുടെ ഒരു ശാഖ തുറന്ന ആദ്യത്തെ ഇന്ത്യൻ കമ്പനികളിൽ ഒന്നായിരുന്നു കാമ ആൻറ് കമ്പനി. ലണ്ടനിൽ നവമായി തുറക്കപ്പെട്ട പ്രസ്തുത കമ്പനിയുടെ ശാഖയെ ഭരിക്കുവാനായി 1886-ൽ ദാദാബായി ലണ്ടനിലേക്കു പോയി. എൽഫിൻസ്റ്റനുമായുള്ള ബന്ധം ഏററവും സുദൃഢവും അഭേദ്യംകൂടിയും ആയിരുന്നു. പക്ഷെ കുറെക്കൂടി മഹത്തരമായ കർത്തവ്യം അദ്ദേഹത്തെ വിളിച്ചപ്പോൾ അദ്ദേഹം ആ ബന്ധത്തേയും ഭേദിച്ചു. ഇന്ത്യക്കാർക്കുവേണ്ടി സംസാരിക്കുവാനും പ്രവർത്തിക്കുവാനുമാണ് അദ്ദേഹം ലണ്ടനിലേക്കു പോയതു്. പ്രതിഭാശാലികളായ അനവധി ഭാരതീയർ അന്നു ലണ്ടനിൽ ഉണ്ടായിരുന്നു. വണിക്പ്രവരനും ഉദാരനിധിയുമായ ജാംഷെഡ്ജി ടാട്ടാ, ഫിറോസ്ഷാ മേത്താ (അദ്ദേഹം അന്നു് ഒരു നിയമവിദ്യാർത്ഥിയായിരുന്നു), സുപ്രസിദ്ധ അഭിഭാഷകനും രാഷ്ട്രീയപ്രവർത്തകനുമായ മനോമോഹൻ ഘോഷ്, പിന്നീട് പ്രസിദ്ധ ജസ്റ്റിസും ദേശീയ നേതാവുമായ ബഡ്രഡ്ഡീൻ തയാബ്ജി, ഇന്ത്യൻ നാഷണൽ കാൺഗ്രസ്സിന്റെ പ്രഥമാദ്ധ്യക്ഷനായ ഡബ്ളിയു. സി. ബാനർജി—എന്നീ മഹാപുരുഷന്മാർ ഇന്ത്യയുടെ നന്മക്കു വേണ്ടതിനെപ്പററി ചിന്തിക്കുവാൻ അന്നു ലണ്ടനിൽ സമ്മേളിക്കാറുണ്ടായിരുന്നു. ഈ സമ്മേളനങ്ങളുടെ അദ്ധ്യക്ഷപദത്തെ അനുരൂപമായ അന്തസ്സോടുകൂടി ദാദാബായി അന്നു അലങ്കരിച്ചു.

ഭയങ്കരങ്ങളായ സംഭവങ്ങളാണു് അന്നു് ഇന്ത്യയിൽ നടന്നിരുന്നതു്. വിദേശീയമേധാവിത്വത്തെ തട്ടിത്തകർക്കുവാനായി ആയുധപ്രയോ

ഗത്തോടുകൂടിയ ഒരു ശ്രമംതന്നെ അന്നുണ്ടായി. വെണ്ണീറിൽനിന്നും പൊടുന്നനെ ഒരു തീജ്വാല ഉയൎന്നു. പക്ഷെ അതിനിശിതമായ പ്രത്യാഘാതത്താൽ അതു കെട്ടുതണുപ്പെട്ടു. മുറിവുകളോടും കിതപ്പോടുംകൂടി ഇന്ത്യ മലൎന്നടിച്ചുവീണു. ഒരു സ്വാതന്ത്ര്യരാഷ്ട്രത്തെപ്പററിയുള്ള സ്വപ്നം തന്നെ ജനഹൃദയങ്ങളിൽനിന്നു മാഞ്ഞുപോയി.

1866-ൽ ദാദാബായിയുടെ കമ്പനിക്കു വളരെ ബുദ്ധിമുട്ടുകൾ നേരിട്ടു. തന്റെ ഒരു വണിൿസ്നേഹിതനു വേണ്ടിയുണ്ടായ ത്യാഗപൂൎവ്വമായ സേവനം അദ്ദേഹത്തിന്റെ മടിശ്ശീലയെ തീരെ ശോഷിപ്പിക്കുകതന്നെ ചെയ്തു. അന്നു പാശ്ചാത്യദേശവും പൌരസ്ത്യദേശവും തമ്മിലുള്ള കച്ചവടം ഇന്നത്തെയത്ര പുരോഗതി പ്രാപിച്ചിരുന്നില്ല. ദാദാബായിയാവട്ടെ ആ വിദേശത്തു കേവലം ഒരു അപ്രസിദ്ധനുമായിരുന്നു. എന്നാൽ, കഠിനമായ സത്യനിഷ്ഠ ആ ചെറുപ്പത്തിലും അദ്ദേഹം ജീവിതവ്രതമായി വരിച്ചിരുന്നു. എല്ലാ കടക്കാരോടും അദ്ദേഹം മാനമായും സത്യമായും പെരുമാറി. തന്റെ അവസാനത്തെ ചില്ലിക്കാശുവരെ കൊടുത്തും അദ്ദേഹം കടക്കാരെ തൃപ്തിപ്പെടുത്തി. അദ്ദേഹത്തിന്റെ സത്യസന്ധത കണ്ടു് അതിയായ ബഹുമാനം തോന്നിയ അന്നത്തെ ബാങ്ക് ഓഫ് ഇംഗ്ലണ്ടിന്റെ ഗവൎണ്ണറായ മി. ജെ. എച്ച്. ഗൈഥർ ഇങ്ങനെ പറയുകയുണ്ടായി:— "അല്ലയോ യുവാവെ! നിങ്ങൾ തീൎച്ചയായും ലോകത്തിൽ ഉയരുവാൻ ഉള്ള ഒരാളാണു്."

ക്ഷീണിതനും ദരിദ്രനുമായിട്ടാണു ദാദാബായി ബോംബയിൽ കപ്പലിറങ്ങിയതു്. സർ ഫിറോസ്ഷാ മേത്തയുടെ നേതൃത്വത്തിൽ വമ്പിച്ച രീതിയിലുള്ള ഒരു സ്വീകരണം ബോംബെക്കാർ അദ്ദേഹത്തിനു നൽകുകയുണ്ടായി. ഗണ്യമായ ഒരു സംഖ്യ അവർ അദ്ദേഹത്തിനു കാഴ്ചവെച്ചു. എന്നാൽ സഹജമായ ഔദാര്യത്തോടുകൂടി, പൊതുജനസേവനത്തിനു വിനിയോഗിക്കുവാനായി, ആ സംഖ്യയെ അവൎക്കുതന്നെ തിരിച്ചുകൊടുക്കുകയാണു് അദ്ദേഹം ചെയ്തതു്.

1874-ൽ ബറോഡ എല്ലാത്തരം കുഴപ്പങ്ങളെക്കൊണ്ടും നിറഞ്ഞ ഒരു നാട്ടുരാജ്യമായിരുന്നു. ഭാഗ്യഹീനനായ മൽഹരിറാവു ഹോൾക്കാറിന്റെ ജീവിതത്തിന്റെ സാന്ധ്യകാലമായിരുന്നു അതു്. ആ കുഴപ്പം പിടിച്ച രംഗത്തിൽ ദിവാനായി ദാദാബായി പ്രവേശിച്ചു. ഈ പുതിയ സംരംഭത്തിൽ ഏൎപ്പെടുവാൻ നല്ലവണ്ണം ആലോചിച്ചിട്ടുമതിയെന്നു് അദ്ദേഹത്തിന്റെ സുഹൃത്തുക്കളിൽ പലരും അദ്ദേഹത്തെ ഉപദേ-

ശിക്ഷകയുണ്ടായി. എന്നിട്ടും, ജന്മസിദ്ധമായ നെഞ്ഞൂക്കോടുകൂടി ദാദാബായി ആ സ്ഥാനത്തെ സ്വീകരിക്കുകയാണു ചെയ്തതു്. തന്റെ കൎത്തവ്യത്തിന്റെ മുമ്പിൽ വിലങ്ങടിച്ചുകിടക്കുന്ന എല്ലാ ശക്തികളോടും അദ്ദേഹം പൊരുതുവാൻ മടിച്ചില്ല. അത്തരം ഒരു ശക്തിയാണു ബ്രിട്ടീഷ് റസിഡണ്ടായ കളണൽ ഫയറെയിൽ അദ്ദേഹം ദൎശിച്ചതു്. രണ്ടു ശക്തികളും തമ്മിൽ തീവ്രമായ ഒരു വടംവലിയുണ്ടായി. വൈസറായി നോൎത്ത്ബ്രൂക്ക് പ്രഭുവിന്റെ ഗവൎമ്മേണ്ടു ദിവാന്റെ ഭാഗത്തേക്കാണു ചാഞ്ഞുനിന്നതു്. പക്ഷെ, സംഭവങ്ങൾ അപായകരമായ ഒരു മൂൎദ്ധന്യദശയിലേക്കാണു ത്വരിതപ്രയാണം ചെയ്തിരുന്നതു്. രണ്ടു കൊല്ലത്തിനുള്ളിൽ ഹോൾക്കാർ സ്ഥാനത്യാഗം ചെയ്തതോടുകൂടി ആ ഘട്ടം എത്തിച്ചേൎന്നു. അതോടുകൂടി ദാദാബായി പിൻവാങ്ങി.

1880-ാമാണ്ടോടുകൂടി ഇന്ത്യൻ രാഷ്ട്രീയലോകത്തിൽ വലിയ പല പരിവൎത്തനങ്ങൾ ഉണ്ടായിത്തുടങ്ങി. മയങ്ങിക്കിടന്നിരുന്ന ഭാരതീയപൌരബോധം കുറേശ്ശക്കുറേശ്ശയായി ഉണരുവാൻ തുടങ്ങി. ഭാരതീയ സംസ്കാരത്തോടു് അവജ്ഞ തോന്നത്തക്കവണ്ണം രൂപവൽകൃതമായ വിദ്യാഭ്യാസപദ്ധതി—വിചിത്രമെന്നേ പറയേണ്ടു!—ഇന്നാട്ടുകാരിൽ തങ്ങളുടെ ധൎമ്മത്തെപ്പററിയും അവകാശങ്ങളെപ്പററിയും ചില ബോധങ്ങളുളവാക്കി. പ്രജായത്തഭരണത്തേയും സ്വാതന്ത്ര്യത്തേയും പററിയുള്ള പാശ്ചാത്യാദൎശങ്ങൾ ഇവിടേയും തലപൊക്കിത്തുടങ്ങി. ഇതിന്റെയെല്ലാം പരിണതഫലമായി ഇന്ത്യൻ നാഷണൽ കാൺഗ്രസ്സ് ആവിൎഭവിച്ചു.

വലിയ ആശകളോടും ആശിസ്സുകളോടുംകൂടിയാണു കോൺഗ്രസ്സ് ആരംഭിച്ചതു്. ദേശാഭിമാനികളും പ്രതിഭാശാലികളുമായ പല മാനുഷപുംഗവന്മാരുടേയും പേരുകൾ ഈ മഹാസഭയുടേതിനോടു സംഘടിപ്പിക്കപ്പെട്ടിട്ടുമുണ്ടു്. അവയിൽവെച്ചു മുന്നണിയിൽ നില്ക്കുന്ന ഒന്നാണു ദാദാബായി നവറോജിയുടെ നാമധേയം. "ബുദ്ധിയുടെ പ്രഭുത്വത്തെയാണു് ഈ കോൺഗ്രസ്സു പ്രതിനിധീകരിക്കുന്നതു്" എന്നു് അദ്ദേഹം ഒരിക്കൽ പറഞ്ഞതു് അന്നത്തെ കോൺഗ്രസ്സിന്റെ ഏററവും പരിപൂൎണ്ണമായ വിവരണമാണു്. ആ പ്രഭുത്വം വളരെ സൂക്ഷിച്ചും വിനയത്തോടുകൂടിയും മാത്രമെ പെരുമാറിയുള്ളു. "ഈ കോൺഗ്രസ്സ് ബ്രിട്ടീഷ് ഗവൎമ്മേണ്ടിനു് എതിരായുള്ള ഗൂഢാലോചനകളുടേയും വിപ്ലവത്തിന്റേയും ഈററില്ലമാണോ?" ദാദാബായി ചോദിച്ചു:

"അതോ ആ ഗവൺമേണ്ടിന്റെ സ്ഥാപനത്തെ കുറെക്കൂടി ഉറപ്പിക്കുന്ന മറെറാരു കല്ലു മാത്രമോ?" ഈ ചോദ്യത്തിനു് ഒരു സമാധാനമേ ഉണ്ടായിരുന്നുള്ളു. അവർ 'ആണുങ്ങളെപ്പോലെ' സംസാരിക്കുകയും ഗവൺമേണ്ടിനോടുള്ള തങ്ങളുടെ ഭക്തിവിശ്വാസങ്ങളെ ഉച്ചൈസ്സ്വരം ഉദ്ഘോഷിക്കുകയും ചെയ്യു. ബ്രിട്ടന്റെ അധികാരത്തെപ്പററി അവർ ഒരിക്കലും ചോദ്യംചെയ്യാൻ മുതിന്നില്ല. ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ അവർ അംഗീകരിക്കുകയും ചെയ്യിരുന്നു. "അതിന്റെ അഭിവൃദ്ധിയാണു നമ്മുടെ ശക്തി, അതിന്റെ സംതൃപ്തിയാണു നമ്മുടെ സമ്മാനം." ബ്രിട്ടീഷ് ന്യായബുദ്ധിയായിരുന്നു ദാദാബായിയുടെ ആദർശം. ഇന്ത്യയിലുള്ള അതിന്റെ പ്രവൃത്തനരീതിയോടു മാത്രമെ അദ്ദേഹത്തിനു സഖാക്കൾക്കും അഭിപ്രായവ്യത്യാസമുണ്ടായുള്ളു. ഇന്ത്യയിലെ സ്ഥിതികളെപ്പററി ബ്രിട്ടനിലെ സാമാന്യജനങ്ങൾ അറിഞ്ഞുകഴിഞ്ഞാൽ അവരുടെ ന്യായബുദ്ധി ഉണരുമെന്നും ഇന്ത്യക്കു മോക്ഷം കിട്ടുമെന്നും അവർ വിശ്വസിച്ചു. ബ്രിട്ടീഷ് പ്രജായത്തഭരണചരിത്രത്തിൽനിന്നു ആദർശങ്ങളും ഉദാഹരണങ്ങളും എടുത്തു സുവ്യക്തവും അനിഷേദ്ധ്യവുമായ വിധത്തിൽ പിന്നെയും പിന്നെയും ചൂണ്ടിക്കാട്ടുകയും വാദിക്കുകയും ചെയ്യു. "നാം വേണ്ടിടത്തോളം ഉറക്കെ സംസാരിച്ചുവെങ്കിൽ" ദാദാബായി പറഞ്ഞു: "നാം സംസാരിച്ചതു വെറുതെയാവില്ല."

(തുടരും)

---